# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഫറോക്ക് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/1366/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/08/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഫറോക്ക് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 9/1366/2022 തീയ്യതി: 20/08/2022

## കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 13-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിനി. എം.വി | ജോയിന്റ് ഡയറക്ടർ | 14-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ.വി. ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. പ്രസീത കുമാരി എം, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ സി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജിഷാ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അഫ്സൽ ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കമറുലൈല. കെ | ചെയർപേഴ്സൺ | 01-04-2020 | 11-10-2020 |
| ശ്രീ.എൻ.സി.അബ്ദുൾ റസാഖ് | ചെയർമാൻ | 21-12-2020 | 31-03-2021 |
| ശ്രീ.ജയകുമാർ | സെക്രട്ടറി | 01-04-2020 | 26-05-2020 |
| ശ്രീമതി.ബിന്ദു.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-05-2020 | 12-07-2020 |
| ശ്രീ സനൽ കുമാർ ഡി.വി | സെക്രട്ടറി | 13-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഭിലാഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ആർഷദ് അലി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മിനി | വെറ്ററിനറി ഡോക്ടർ | 01-04-2020 | 18-10-2020 |
| ഡോ.നായർ സംഗീത ശ്രീധരൻ | വെറ്ററിനറി ഡോക്ടർ | 19-10-2020 | 31-03-2021 |
| ശ്രീമതി .മോനിഷ.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ. ലാലു ജോൺസ് ആർ | താലൂക്ക് ആശുപത്രി സൂപ്രണ്ട് | 01-04-2020 | 31-03-2021 |
| ഡോ. അനുജ എ. കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷക്കീല എ.പി | സ്കൂൾ പ്രിൻസിപ്പാൾ,ഗവ.ഗണപത് സ്കൂൾ, ഫറോക്ക് | 01-04-2020 | 31-03-2021 |
| ശ്രീമതി കെ.എം.സജി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 02-03-2021 |
| ശ്രീ വൽസൺ സി.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 03-03-2021 | 31-03-2021 |
| ശ്രീമതി ഷീബ ഖമർ | ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീര വികസനം) | 01-04-2020 | 29-05-2020 |
| ശ്രീ.അനിൽകുമാർ എ.ജി | ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ് (ക്ഷീര വികസനം) | 30-05-2020 | 07-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ക്ഷീര വികസനം) | 08-06-2020 | 31-03-2021 |
| ഡോ.എൽസ മറിയ | ആയുർവ്വേദ ഡോക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyna A.K (Asst. Audit Officer, On 15-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-1 |
| 2 | ബജറ്റ് അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1.1.1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shyna A.K (Asst. Audit Officer, On 15-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-2 |
| 4 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shyna A.K (Asst. Audit Officer, On 15-07-2022)<br>Last Updated By: Sini.M.V (Joint Director, On 03-08-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം ( ACR പ്രകാരം )<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രിക – അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 16-08-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 16-08-2022) | 1-5 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Shyna A.K (Asst. Audit Officer, On 27-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 03-08-2022) | 1-8 |
| 12 | എഫ്. ടി. ഇ. എ. & ഒ. എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-9 |
| 13 | ഓഡിറ്റ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിക്കുന്നതിൽ കാല താമസം<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-10 |
| 14 | ലോഡ്ജിംഗ് / കാട്ടേജ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-11 |
| 15 | TDS റിട്ടേൺ ഫയൽ ചെയ്യുന്നതിൽ അപാകതകൾ - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-12 |

| | | |
|---|---|---|
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-13 |
| 17 | 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി നിരക്ക് ഉറപ്പ് വരുത്തുന്നില്ല<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-14 |
| 18 | ജീവനക്കാരുടെ 2020-21 ലെ ഒന്ന് / രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-15 |
| 19 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല<br>Written By: Afsal T.M (Auditor, On 22-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-16 |
| 20 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-17 |
| 21 | മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം - അധിക ചെലവുണ്ടായതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-18 |
| 22 | നായനാർ സ്റ്റേഡിയം പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ - തെറ്റായ ഇനങ്ങൾ ഉൾപ്പെട്ടതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-19 |
| 23 | ബേപ്പൂർ തുറമുഖം മാനുവൽ ഡ്രഡ്ജിങ്ങ് വഴി നഗരസഭയുടെ കടവിലൂടെയുള്ള മണൽ വിൽപ്പന – അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-20 |
| 24 | നഗരസഭ ചുറ്റുമതിൽ - ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു മൂലം അധിക ചെലവ് - മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-21 |
| 25 | ചാലിയപ്പാടം ഡ്രൈയിനേജ് - പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-22 |
| 26 | ഭരണാനുമതിയ്ക്കും കൂടിയ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തി<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-23 |
| 27 | നഗരസഭയിലേക്കുള്ള വാങ്ങലുകൾ - സർക്കാർ നിർദ്ദേശമനുസരിച്ച് നടത്തുന്നില്ല.<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-24 |
| 28 | പോർട്ടബിൾ ബയോബിൻ - മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രശീതികൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 17-08-2022) | 1-25 |
| 29 | തുണി സഞ്ചി നിർമ്മാണ യൂണിറ്റ് - ലക്ഷ്യം നടക്കുന്നില്ല<br>Written By: Praseedakumari M. (Audit Officer, On 25-07-2022) | 1-26 |

| | | |
|---|---|---|
| | Last Updated By: Sini.M.V (Joint Director, On 19-08-2022) | |
| 30 | എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രമില്ല<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-27 |
| 31 | എസ്.സി. ഭവന പുനരുദ്ധാരണം - മാർഗ്ഗ രേഖ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-28 |
| 32 | റിംഗ് കമ്പോസ്റ്റ് - മുഴുവൻ വീടുകളിലും സ്ഥാപിച്ചില്ല<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-29 |
| 33 | എസ്. സി. പഠന മുറി - വൗച്ചറുകൾ ലഭ്യമാക്കിയില്ല<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-30 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ - മുഴുവൻ കട്ടിലും വിതരണം ചെയ്തില്ല.<br>Written By: Praseedakumari M. (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-31 |
| 35 | സേവനദാതാവിന് തുക നൽകാതെ മറ്റൊരാളുടെ അക്കൗണ്ടിലേക്ക് തുക കൈമാറി<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-32 |
| 36 | ഔദ്യോഗികമായ ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നു<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-33 |
| 37 | വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-34 |
| 38 | മഞ്ചാടി പദ്ധതി - വിദ്യാർത്ഥികളുടെ വിശദാംശം ലഭ്യമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-35 |
| 39 | നഗരസഭയ്ക്ക് പുറത്തുള്ളവർക്ക് വ്യക്തിഗത ആനുകൂല്യം നൽകി<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-36 |
| 40 | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമം മറികടന്നു<br>Written By: SathishKumar C P (Asst. Audit Officer, On 26-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-37 |
| 41 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.<br>Written By: E.V Hari (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-38 |
| 42 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് - ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് വിവരം ഉൾപ്പെടുത്തിയില്ല.<br>Written By: E.V Hari (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-39 |
| 43 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയില്ല.<br>Written By: E.V Hari (Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-40 |

| | | |
|---|---|---|
| 44 | എം. ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 1-41 |
| 45 | ദുരന്ത നിവാരണ പദ്ധതി പ്രകാരം മണൽ നീക്കം ചെയ്യതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-42 |
| 46 | വർഷങ്ങൾക്ക് മുൻപ് നൽകിയ അഡ്വാൻസ് തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-43 |
| 47 | വാടക ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-44 |
| 48 | പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | നായനാർ സ്റ്റേഡിയം പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ - തെറ്റായ ഇനങ്ങൾ ഉൾപ്പെട്ടതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 3-1 |
| 2 | നഗരസഭ ചുറ്റുമതിൽ - ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു മൂലം അധിക ചെലവ് - മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 3-2 |
| 3 | മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം - അധിക ചെലവുണ്ടായതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 23-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 3-3 |
| 4 | റിംഗ് കമ്പോസ്റ്റ് - മുഴുവൻ വീടുകളിലും സ്ഥാപിച്ചില്ല<br>Written By: Praseedakumari M. (Audit Officer, On 10-08-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 3-4 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 04-08-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 04-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 04-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 24-07-2022)<br>Last Updated By: Sini.M.V (Joint Director, On 19-08-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 04-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 04-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shyna A.K (Asst. Audit Officer, On 25-07-2022)<br>Last Updated By: Sini.M.V (Joint Director, On 20-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.3.2020 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകാരത്തിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്ത ഓഡിറ്റ് വർഷത്തെ ബജറ്റ്, കൗൺസിലിന്റെ 26.3.2020 - ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 19.2.2021 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകാരത്തിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും കൗൺസിലിന്റെ 22.2.2021 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു.

### 1.1.1 ബജറ്റ് അപാകതകൾ

26.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച ബജറ്റിന്റെ രൂപീകരണത്തിലും പരിപാലനത്തിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1) സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവുകൾ താഴെ കൊടുക്കുന്നു. ഇത് യഥാർത്ഥത്തിലുള്ള വരവ് ചെലവുകളിൽ നിന്നും വളരെയധികം വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതിൽ നിന്നും ബജറ്റ് യാഥാർത്ഥ ബോധ്യത്തോടെയല്ല തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്.

| ഇനം | ബജറ്റ് പ്രകാരമുള്ളത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 131822076 | 44808772 | 87013304 |
| വരവ് | 307808000 | 258878331 | 48929669 |
| ആകെ | 439630076 | 303687103 | 135942973 |
| ചെലവ് | 348186400 | 257769503 | 90416897 |
| നീക്കിയിരിപ്പ് | 91443676 | 45917600 | 45526076 |

2) അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റ് തയ്യാറാക്കിയിട്ടില്ല.

2007 – ൽ നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾ പ്രകാരമാണ് സ്ഥാപനത്തിന്റെ കണക്കുകൾ ഡബിൾ എൻട്രി അക്രൂവൽ സമ്പ്രദായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. എന്നാൽ കണക്കുകൾക്ക് അനുസൃതമായ തരത്തിലുള്ള ഫോർമാറ്റിലല്ല സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. അക്കൗണ്ട് റൂൾ ചട്ടം 63(1) പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമം 286 വകുപ്പ് പ്രകാരവും സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചും ബജറ്റ് അക്രൂവൽ സമ്പ്രദായത്തിൽ തയ്യാറാക്കണമെന്നും ഉപചട്ടം (2) പ്രകാരം ഓരോ ഫണ്ടിനും പ്രത്യേകം ബജറ്റ് തയ്യാറാക്കണമെന്നും ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു കൺസോളിഡേറ്റഡ് ബജറ്റ് തയ്യാറാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഉപചട്ടം 3 പ്രകാരം കൺസോളിഡേറ്റഡ് ബജറ്റ് എസ്റ്റിമേറ്റ്, താഴെപറയുന്ന സബ്സിഡിയറി സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

എ) റവന്യൂ വരുമാനത്തിന്റെ എസ്റ്റിമേറ്റ്

ബി) റവന്യൂ ചെലവിന്റെ എസ്റ്റിമേറ്റ്

സി) മൂലധന വരവിന്റെ എസ്റ്റിമേറ്റ്

ഡി) മൂലധന ചെലവിന്റെ എസ്റ്റിമേറ്റ്

ഇ) ലോൺ തിരിച്ചടവിന്റെ എസ്റ്റിമേറ്റ്

എഫ്) ലോണിന്റേയും മുൻകൂറിന്റേയും എസ്റ്റിമേറ്റ്

ജി) ഡെപ്പോസിറ്റിന്റേയും വസൂലാക്കലിന്റേയും എസ്റ്റിമേറ്റ്

എച്ച്) നിക്ഷേപത്തിന്റെ എസ്റ്റിമേറ്റ്

എന്നാൽ മേല്പറഞ്ഞ എല്ലാ ഘടകങ്ങളും ഉൾപ്പെടാത്തതും അക്രൂവൽ രീതി അടിസ്ഥാനപ്പെടുത്തിയല്ലാത്തതുമായ എസ്റ്റിമേറ്റാണ് സ്ഥാപനം തയ്യാറാക്കിയിരിക്കുന്നത്. ക്രമ നം. (ഇ) മുതലുള്ള എസ്റ്റിമേറ്റുകൾ ബജറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ നിയമാനുസൃതം ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.07.2021 |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഫറോക്ക് നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വരവിനങ്ങളായ തൊഴിൽനികുതി, പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ്, വാടക എന്നിവയുടെ വരവ് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സംക്ഷിപ്തം എഴുതിയിട്ടില്ല.

2. വസ്തുനികുതിയുടെ വരവ് സംബന്ധിച്ച കണക്കുകളിൽ കൃത്യതയില്ല. സ്ഥാപനത്തിൽ ഈ വരവ് ഇനത്തിന് കൃത്യമായ ഡിമാന്റ് ഇല്ല. സഞ്ചയയിൽ നിന്നും ലഭ്യമായ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി പത്രിക പ്രകാരം |
|---|---|---|
| ഡിമാൻഡ് (Current) | 15263278 | 15517228 |
| തൻവർഷ കലക്ഷൻ | 10080319 | 11225444 |
| ബാലൻസ് (Current) | 5436464 | 5986465 |
| ഡിമാൻഡ് (Arrear) | 3597132 | 23364209 |

| | | |
|---|---|---|
| കലക്ഷൻ (Arrear) | 6660908 | 9269083 |
| ബാലൻസ് (Arrear) | 299443 | 14222878 |

കണക്കിലെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

3) SBI ബഡ്സ് സ്കൂൾ 67112507223 നമ്പർ ബാങ്ക് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 22.4.2020 ന് 550505 രൂപ Directly Credited By Bank എന്ന് കാണിച്ചിട്ടുണ്ട്. തുടർന്ന് എല്ലാ മാസത്തെ റിക്കൺസീലിയേഷനിലും തുക ബാങ്ക് ബുക്കിൽ വരവ് വയ്ക്കാതെ ഇതേ രീതിയിൽ തുടരുകയും ഫെബ്രുവരിയിലെ റിക്കൺസീലിയേഷനിൽ ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കലക്ടഡ് എന്ന് കാണിച്ച് തുക ടാലിയാക്കിയിട്ടുണ്ട്. തുക വരവ് വന്നത് ഏത് ഇനത്തിലാണെന്ന് എന്ന് അറിയാതെ ഇത്തരത്തിൽ അഡ്ജസ്റ്റ്മെന്റ് നടത്തുന്നത് ഗുരുതരമായ വീഴ്ചയാണ്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതേ രീതിയിൽ ട്രഷറി പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ (6404) 1.4.2020 മുതൽ 46996 രൂപയും SCB ബഡ്സ് സ്കൂൾ അക്കൗണ്ടിൽ (10110) 9.4.2020 മുതൽ 21529 രൂപയും ഇതേ രീതിയിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട് എന്നതിന് ലഭ്യമാക്കിയ മറുപടിയിൽ ഈ തുകകൾ പലിശയിനത്തിൽ വരവ് വന്ന തുക വർഷാവസാനം ടാലിയാക്കിയതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ മാസവും റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്.

4) കാനറ ബാങ്കിലെ അയ്യങ്കാളി അക്കൗണ്ടിൽ (62527) ജൂലൈ, ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ വിവിധ തിയ്യതികളിലായി ചെലവഴിച്ചിട്ടുള്ള 4384881 രൂപ അതാതു തിയ്യതികളിൽ ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയില്ല. എല്ലാ മാസങ്ങളിലും റിക്കൺസിലിയേഷൻ നടത്താതെ 2021 ഫെബ്രുവരി മാസത്തിൽ റിക്കൺസിലിയേഷനിൽ Directly Debited By Bank എന്ന് കാണിച്ചിരിക്കുന്നു. അപാകതയ്ക്ക് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ചെലവ് സംബന്ധിച്ച് നഗരസഭ നൽകുന്ന ചെക്കുകൾ ബാങ്കിൽ സമർപ്പിക്കുമ്പോൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് സീറോ ബാലൻസ് ആവുമ്പോൾ പരിധിയിൽ കവിഞ്ഞ തുക ട്രാൻസ്ഫർ ചെയ്യുന്നതിന് സാധിക്കാതെ സസ്പെൻസ് ക്രെഡിറ്റ് ആയി സൂക്ഷിക്കുകയും റിക്കൺസിലിയേഷൻ സാധ്യമാകാതെ വരികയും ചെയ്യുന്നു. വർഷാവസാനത്തോടെ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാക്കി ചെക്ക് തുക സന്തുലിതപ്പെടുത്തി റിക്കൺസിലിയേഷൻ പൂർത്തീകരിക്കുന്നു. ആയതിനാലാണ് മറ്റു മാസങ്ങളിൽ Directly Debited By Bank എന്ന് കാണിക്കുന്നതെന്ന മറുപടി തൃപ്തികരമല്ല. തുക സമയബന്ധിതമായി ട്രാൻസ്ഫർ ആകുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

5) ബാലൻസ് ഷീറ്റ് ബി-7 സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ ഹെഡുകളിലായി 8303190.75 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഉണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) അഡ്വാൻസ് രജിസ്റ്ററിൽ മുൻ വർഷങ്ങളിൽ നൽകി, അഡ്ജസ്റ്റ് ചെയ്യാത്ത തുകകളുടെ വിശദാംശങ്ങൾ എഴുതിയിട്ടില്ല.

7) 14.5.2019 – ന് ഫാറോക്ക് സർവ്വീസ് കോ – ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് വായ്പയെടുത്ത 1,00,00,000 രൂപയിൽ 25,00,000 രൂപ 2/2021 – ൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് B-5 ഷെഡ്യൂളിൽ തിരിച്ചടയ്ക്കാനുള്ള ബാധ്യതയായി 1,00,00,000 രൂപ തന്നെ കാണിച്ചിരിക്കുന്നു. കൂടാതെ കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുക ലോൺ രജിസ്റ്റർ പ്രകാരം 5,36,80,000 രൂപയും ബാലൻസ്ഷീറ്റ് B-5 ഷെഡ്യൂളിൽ ഇത് 3,86,80,000 രൂപയുമാണെന്നാണ് കാണിച്ചിട്ടുള്ളത്.

8) ബാലൻസ് ഷീറ്റ് ബി – 4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. വാർഷിക കണക്ക് ബാലൻഷീറ്റ് B-4 സ്റ്റേറ്റ്മെന്റ് പ്രകാരം 1,16,44,469 രൂപ അങ്കണവാടികൾ, ബഡ്സ് സ്കൂൾ, ഭവന നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ചിട്ടുള്ള ഗ്രാന്റുകളാണ് വിനിയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. ഈ തുകകൾ

സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്.

9) ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ആസ്തികളുടെ ഭൗതിക പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല.

10) വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44808772 |
| വരവ് | 258878331 |
| ആകെ | 303687103 |
| ചെലവ് | 257769503 |
| നീക്കിയിരിപ്പ് | 45917600 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | - | 28054450 | 28054450 | 27994450 | 60000 |
| വികസനഫണ്ട്-എസ്.സി.പി. | - | 19621000 | 19621000 | 16527862 | 3093138 |
| സംരക്ഷണഗ്രാന്റ്-റോഡ് | - | 9216900 | 9216900 | 9196623 | 20277 |
| സംരക്ഷണഗ്രാന്റ്-നോൺ റോഡ് | - | 6592638 | 6592638 | 6205008 | 387630 |
| കേന്ദ്ര ധനകാര്യ | - | 26180000.08 | 26180000.08 | 12424093 | 13755907 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് – (TIED ) | | | | | |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – (UN TIED) | - | 67172373 | 67172373 | 41118081 | 26054292 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 278569 | 15084441 | 1536310 | അഡ്മിനിസ്ട്രേറ്റീവ് ചെലവ് - 449500<br>തൊഴിലാളികളുടെ കൂലി – 14433521 | 479989 |
| ബി ഫണ്ട് | | 104509920 | 104509920 | 104509920 | |

നഗരസഭക്ക് അനുവദിക്കപ്പെട്ട താഴെപ്പറയുന്ന ഗ്രാന്റുകൾ വിനിയോഗിക്കാതിരുന്നതിനാൽ ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 60000 |
| വികസനഫണ്ട് – എസ്.സി.പി. | 3093138 |
| സംരക്ഷണഗ്രാന്റ് – റോഡ് | 20277 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 387630 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 13755907 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 26054292 |
| ആകെ | 43371244 |

ഇത്തരത്തിൽ ഗ്രാന്റുകൾ വിനിയോഗിക്കാതെ ലാപ്സാകുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക – അപാകതകൾ

23.01.2021 - ലെ സ. ഉ (കൈ) 16/2021/ത.സ്വ.ഭ.വ പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ ഫറോക്ക് നഗരസഭയുടെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി. പി), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്), ധനകാര്യകമ്മീഷൻ ഗ്രാന്റ് - Untied എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ. കെ. എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് | 87815677 | 39453017 |

| | | |
|---|---|---|
| (ജനറൽ) | | |
| വികസന ഫണ്ട് (എസ്. സി. പി) | 68909280 | 24027000 |
| മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്) | 12639957 | 7445538 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 11972332 | 11322332 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 74246669 | 68607469 |

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 39934320 രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരമുള്ള ചെലവ് 41118081 രൂപയാണ്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതി കളുടെ എണ്ണം | നടപ്പിലാക്കിയവ | ഭാഗികമായി നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 364 | 315 | 48 | 49 | 86 |

ഡി.പി.സി. അഗീകാരം ലഭിച്ച 364 പ്രൊജക്ടുകളിൽ 315 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 239303272/- രൂപ വകയിരുത്തിയതിൽ 162386499/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (68%). തൻ വർഷം നഗരസഭയ്ക്ക് വിവിധ പദ്ധതികൾക്കായി അനുവദിച്ച ഗ്രാന്റുകൾ ചെലവഴിക്കാത്തതിനാൽ 43371244/- രൂപ ലാപ്സായിട്ടുണ്ട്. (ഫണ്ടിനം തിരിച്ച് വിശദാംശം ഖ. 1-4 കാണുക)

ഡി.പി.സി. അംഗീകാരം ലഭിച്ച 255 മരാമത്ത് പ്രൊജക്ടുകളിൽ 226 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 137126493/- രൂപ വകയിരുത്തിയതിൽ 96900140/- രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്.

## 1-6 ക്ഷേമ പദ്ധതികൾ

മുനിസിപ്പാലിറ്റിയിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 241 | 3120100 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 2070 | 29431100 |
| വാർദ്ധക്യകാല പെൻഷൻ | 4534 | 61302000 |
| വികലാംഗ പെൻഷൻ | 580 | 8315100 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 169 | 2329500 |
| തൊഴിലില്ലായ്മ വേതനം | 18 | 12120 |

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലെ പോരായ്മകൾ വരുമാന നഷ്ടം, അധിക ചെലവ്, ക്രമക്കേടുകൾ എന്നിവയ്ക്ക് കാരണമായിട്ടുണ്ട്. ഏതൊരു സ്ഥാപനത്തിന്റെയും സുഗമമായ നടത്തിപ്പിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം ആവശ്യമാണ്. 2020-21 വർഷം നഗരസഭ സൂക്ഷിച്ച രജിസ്റ്ററുകൾ, ഫയലുകൾ, മിനിട്സുകൾ തുടങ്ങിയവ പരിശോധിച്ചതിൽ നഗരസഭയിൽ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലവിലില്ല എന്നു കാണുന്നു. ജീവനക്കാരുടെ ജോലിവിഭജനം നടത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഓരോ വിഭാഗത്തിലെയും പ്രവർത്തനങ്ങളുടെ പൂർത്തീകരണവും പുരോഗതി നിരീക്ഷിക്കലും തൃപ്തികരമല്ല. കാര്യക്ഷമമായ മേൽ നോട്ട സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കേണ്ടതാണ് . സെക്രട്ടറി മുതൽ കണ്ടിജന്റ് ജീവനക്കാർ വരെയുള്ള ജീവനക്കാരുടെ ജോലികൾ എന്തൊക്കെയാണെന്ന് ഓഫീസ് ഉത്തരവിൽ കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയൽ നീക്കം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമായ സൂചിക നഗരസഭയിൽ വിന്യസിച്ചിട്ടില്ല. ഭരണ സമിതി മിനുട്സ് സകർമ്മ സോഫ്റ്റ് വെയർ പ്രകാരമ ല്ല തയ്യാറാക്കുന്നത് എന്നത് വീഴ്ചയാണ്. ജീവനക്കാരുടെ ജോലിയുടെ പുരോഗതി മേലുദ്യോഗസ്ഥർ പരിശോധിച്ച് നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയോ രജിസ്റ്ററിൽ ഒപ്പുവെക്കുകയോ ചെയ്യുന്നില്ല. പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് ശുപാർശ നൽകേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നില്ല. നിർബ്ബന്ധമായും സൂക്ഷിക്കേണ്ട ഡെപ്പോസിസ്റ്റ്, അരിയർ ഡിമാന്റ് രജിസ്റ്റർ തുടങ്ങിയ പല രജിസ്റ്ററുകളും നഗരസഭയിൽ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ അപൂർണമാണ്. നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് തൃപ്തികരമല്ല .

ജീവനക്കാരെ ഓഫീസ് ഉത്തരവ് മുഖേന ചുമതലപ്പെടുത്തുന്നതിലും ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സൂപ്പർവൈസറി തലത്തിൽ നിരന്തരം നിരീക്ഷിക്കുന്നതിനും സാധ്യമാകുന്ന തരത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണത്തിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന്റെ റിപ്പോർട്ടുകൾ പദ്ധതി ഫയലുകളിലൊന്നിലും സൂക്ഷിച്ചിട്ടില്ല.

സ്ഥാപനത്തിലെ രേഖകളുടെ സൂക്ഷിപ്പ് സംവിധാനം കാര്യക്ഷമമല്ല. അപാകതകൾ പരിഹരിക്കുന്നതിനായും ഫയൽ സിസ്റ്റം കാര്യക്ഷമമാക്കുന്നതിനുമായി സൂചിക സോഫ്റ്റ്‌വെയർ വിന്യസിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നുണ്ട്. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലും വരവ് രജിസ്റ്ററുകളിലും സംക്ഷിപ്തം എഴുതാത്തതിനാൽ വരവ് കണക്കുകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല. ഇത് കാരണം സ്ഥാപനത്തിന് പിരിച്ചെടുക്കാനുള്ള നികുതി – നികുതിയേതര വരുമാനങ്ങളെ കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമല്ലാതിരിക്കുകയും തന്മൂലം വരുമാന നഷ്ടമുണ്ടാകാനും കാരണമാകുന്നു. സാംഖ്യ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് സ്ഥാപനത്തിൽ അക്കൗണ്ടിംഗ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബജറ്റ് സംബന്ധിച്ച വസ്തുതകൾ സാംഖ്യ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബജറ്റ് പ്രകാരം അനുവദനീയമായ പരിധി പിന്നിടുന്ന ഒരു ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടില്ല. ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെ നഗരസഭയുടെ മൊത്തം സാധന സേവന ആവശ്യകതകൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് ഏകീകൃതമായി സമാഹരിക്കുന്നതിന് സാധിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് ആവശ്യകതകൾ മുൻകൂട്ടി നിശ്ചയിച്ച് സാധനങ്ങളും സേവനങ്ങളും ഒരുമിച്ച് സമാഹരിക്കുന്നതിലൂടെ സ്ഥാപനത്തിന് ലാഭമുണ്ടാക്കാമായിരുന്നു. ആസ്തികളുടെ സംരക്ഷണത്തിലും പരിപാലനത്തിലും സ്ഥാപനത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ കൃത്യമാക്കുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ പോരായ്മ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ചുമതലകളിലെ വീഴ്ച എന്നിവ ഗുരുതരമായ അപാകതകൾക്ക് കാരണമായിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ ഭരണസമിതി അടിയന്തരമായി പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/07/2022 ന് 4 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55,022/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 എഫ്. ടി. ഇ. എ. & ഒ. എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച. മീ വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 3,911 |

| | |
|---|---|
| 100 ച. മീ ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 314 |
| 200 ച. മീ വരെ മുകളിൽ വിസ്തൃതിയുള്ളത് | 19 |
| 200 ച. മീ ക്ക് മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 181 |
| വാണിജ്യം, ബാങ്കുകൾ, കമ്പ്യൂട്ടർ സെന്റർ | 64 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 125 |
| ഇതര വ്യവസായത്തിനുള്ളത് | 73 |
| MSME Act 2006 പ്രകാരം രജിസ്റ്റർ ചെയ്തവ | 4 |
| ആകെ | 4,691 |
| വേക്കൻസി റമിഷൻ | 03 |

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 4,691 കെട്ടിടങ്ങൾ ഉണ്ട്. അതിൽ 03 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻവർഷം ലഭ്യമായ കണക്ക് പ്രകാരം 1,530 പേർ മാത്രമാണ് അത്രയും സ്ഥാപനങ്ങൾക്ക് എഫ്. ടി. ടി. ഇ. & ഒ. എസ്. ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്. ഇതുമൂലം നഗരസഭക്ക് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-10 ഓഡിറ്റ് റിപ്പോർട്ടുകളിൽ നടപടി സ്വീകരിക്കുന്നതിൽ കാല താമസം

നഗരസഭയുടെ 1996-97 വർഷം മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന ഭൂരിഭാഗം റിപ്പോർട്ടുകളുടെ കാര്യത്തിലും പരാമർശങ്ങൾ പൂർണ്ണമായി തന്നെ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നുള്ളത് വിഷയത്തിന്റെ ഗൗരവം കൂട്ടുന്നു. സ്ഥാപനം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലം മുതൽക്കുള്ളതാണ് മുൻകാല റിപ്പോർട്ടുകളിൽ പലതും (2015-16 വരെയുള്ളത്). റിപ്പോർട്ടുകൾക്ക് കാലാകാലങ്ങളിൽ മതിയായ പ്രാധാന്യം നല്കാത്തത്, ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലടക്കം അപാകതകൾ തുടർന്നു വരുന്നതിന് കാരണമായിട്ടുണ്ട്. കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് ഓഡിറ്റ് കൊണ്ട് ലഭ്യമാകുന്ന പ്രയോജനം സ്ഥാപനം ഉപയോഗപ്പെടുത്തുന്നില്ല. 2015-16 മുതൽ 2019-20 വരെയുള്ള ഏറ്റവും ഒടുവിലത്തെ അഞ്ച് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ തുടർ നടപടി പരിശോധിച്ചതിൽ ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള കാര്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, അതിനോടനുബന്ധിച്ച് ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെയും, നഗരസഭ നൽകിയ കെട്ടിടനിർമ്മാണ അനുമതികളെയും സംബന്ധിച്ച സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്, 2019-20 ലെ ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഭരണസമിതിയ്ക്കു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന നിയമപരമായ ബാധ്യത ഉണ്ടായിരിക്കെയാണ് ഇത്തരം കൃത്യവിലോപമുണ്ടായിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡുസഭകളിൽ അവതരിപ്പിക്കണമെന്ന നിയമപരമായ ബാധ്യതയുണ്ടായിരിക്കെ ജനപ്രതിനിധികൾക്ക് മുമ്പാകെ പോലും ഓഡിറ്റ് തീയതി വരെ ഇവ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ സ്ഥാപനം അവശ്യമായ പ്രാധാന്യത്തോടെ പരിഗണിക്കുന്നില്ലെന്ന് നാളിതുവരെയുള്ള റിപ്പോർട്ടുകളോടുള്ള സമീപനം വ്യക്തമാക്കുന്നു.

കാലാകാലങ്ങളിൽ ഉത്തരവാദിത്വം വഹിച്ച സെക്രട്ടറിമാർക്കും, കീഴിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ചയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്തമുണ്ട്. അപാകതകൾക്ക് വ്യക്തമായ വിശദീകരണവും, കൃത്യമായ രേഖകളും ലഭ്യമാക്കി റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള

നടപടികൾ സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-11 ലോഡ്ജിംഗ് / ക്വാട്ടേഴ്സ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു**

2011 - ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 50/- രൂപയാണ് മുനിസിപ്പാലിറ്റിയിൽ നിശ്ചയിച്ചിരിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പത്രിക (ഫോറം - 6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ –

<table>
<tr><th>കെട്ടിട നമ്പർ / കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം)</th><th>ബാധകമാക്കിയ നികുതി നിരക്ക്</th><th>ബാധകമാക്കാവുന്ന നികുതി നിരക്ക്</th></tr>
<tr><td>20/347 മുതൽ 350 വരെ<br>ജാബിർ<br>ചാലിപ്പാടം,<br>പെരുമുഖം,<br>ഫറോക്ക്</td><td rowspan="2">8</td><td rowspan="2">50</td></tr>
<tr><td>14/548 A, B, B1 വരെ<br>പാലശ്ശേരി<br>മുഹ്സിന സമീം,<br>കിണറില്ല കണ്ടി,<br>ഫറോക്ക്,<br>പെരുമുഖം - 673631</td></tr>
</table>

നഗരപരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-12 TDS റിട്ടേൺ ഫയൽ ചെയ്തതിൽ അപാകതകൾ - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.

ആദായനികുതി വകുപ്പിൽ വിവിധയിനങ്ങളിലായി നിലവിൽ നഗരസഭ അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി TDS TRACES ൽ പരിശോധന നടത്തി. ആയത് പ്രകാരമുള്ള നിലവിൽ അടവാക്കാനുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ഫോം ഇനം | തുക | ഇനം |
|---|---|---|---|---|
| 1 | 2014-15 Q2 | 24Q | 3750 | Late Filing Levy |
| 2 | 2014-15 Q3 | 24Q | 11200 | Late Filing Levy |
| 3 | 2015--16 Q2 | 24Q | 860 | Interest U/s 202(2) |
| 4 | 2015--16 Q3 | 24Q | 2100 | Late Filing Levy |
| 5 | 2015-16 Q4 | 26Q | 1180 | Interest U/s 202(2) |
| 6 | 2018-19 Q2 | 24Q | 4410 | Short Payment |
| 7 | 2018-19 Q2 | 26Q | 5320 | Short Payment&Interest On Short Payment |
| 8 | 2019-20 Q4 | 26Q | 370 | Interest On Late Payment |
| 9 | 2020-21 Q4 | 26Q | 4390 | Interest On Late Payment |
| 10 | 2021-22 Q3 | 26Q | 82730 | Short Deduction & Interest On Short Deduction |
| | | ആകെ അടവാക്കാനുള്ളത് | 116310 | |

വിവിധ കാരണങ്ങളാൽ വലിയ തുകയാണ് ഇൻകം ടാക്സ് വകുപ്പിലേക്ക് അടവാക്കാൻ ബാക്കിയുള്ളത്. TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടും TDS ഫയൽ ചെയ്യുമ്പോൾ സംഭവിക്കുന്ന മറ്റ് അപാകതകൾ കൊണ്ടുമാണ് പിഴയിനത്തിൽ വൻ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് കാണുന്നു. ആകെ അടവാക്കാനുള്ള 116310/- രൂപയിൽ 17050/- രൂപ Late Filing Fee

ഇനത്തിലും 99260/- രൂപ മറ്റിനത്തിലും പെട്ടതാണ്. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇങ്ങനെ സംഭവിക്കാനുള്ള സാഹചര്യം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ്. (Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ട്) നിലവിൽ 17050/- രൂപ Late Filing Fee യിനത്തിൽ അടവാക്കാനുണ്ട്. സാങ്കേതികമായ കാരണങ്ങളാലാണ് നഗരസഭക്ക് TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാൻ സാധിക്കാതിരുന്നത് എങ്കിൽ ഇക്കാര്യം ഇൻകം ടാക്സ് വകുപ്പിനെ കൃത്യമായ രേഖകൾ സഹിതം ബോധിപ്പിച്ച് കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടിശ്ശിക വരാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതും ഇൻകം ടാക്സ് വകുപ്പിൽ തുക അടവാക്കി കുടിശ്ശിക തീർക്കേണ്ടതുമാണ്.

നിലവിൽ ഓരോ സ്ഥാപനത്തിനും സ്വന്തമായി TDS ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഇൻകം ടാക്സ് വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം ഉപയോഗിക്കാതെ TDS ഫയൽ ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾ TDS ഫയൽ ചെയ്യുമ്പോൾ അപാകതകൾ സംഭവിക്കാം. അല്ലെങ്കിൽ നഗരസഭയിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ഡാറ്റ നൽകുമ്പോൾ പിശകുകൾ സംഭവിക്കാം. ഇവ മൂലമാണ് 99260 രൂപ കുടിശ്ശികയുണ്ടായത്. ഓരോ തവണ TDS ഫയൽ ചെയ്യുമ്പോഴും ഇത്തരം അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് സ്ഥാപനത്തിന്റെ TRACES LOGIN – ൽ പരിശോധിക്കേണ്ടതും അപാകതയുണ്ടെങ്കിൽ TDS Correction Statement ഫയൽ ചെയ്യേണ്ടതുമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

TDS Correction Statement ഫയൽ ചെയ്ത് ഈ കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിലെ ക്രമ നം. 10 പ്രകാരമുള്ള കുടിശ്ശിക 82730/- രൂപയുടെ കുടിശ്ശിക ഓഡിറ്റ് വേളയിൽ തന്നെ TDS Correction Statement ഫയൽ ചെയ്ത് പരിഹരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി തുകകളുടെ കാര്യത്തിൽ കൂടി ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ - നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. നഗരസഭയിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 80 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

01/04/2016 – ന് ശേഷം നിർമാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന 100 ച. മീ. യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേര് (സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധക മാക്കേണ്ട നികുതി നിര ക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|
| 1/292 A<br>അബൂബക്കർ സിദ്ധീഖ്<br>2017 രണ്ടാം അർദ്ധ വർഷം മുതൽ | 292 | 60 | 12264+614 =12878 (മേഖല ഇളവ് 20%, മേൽക്കൂര ഇളവ് 10%) | 80 | 16352+818 =17170 | 17-18=2146<br>18-19=4292<br>19-20=4292<br>20-21=4292<br>ആകെ=15022 |
| 6/381<br>1) സന്തോഷ് കുമാർ,<br>2) ദിലീപ് കുമാർ,<br>3) മനോഹരൻ,<br>4) ഹരീഷ് കുമാർ<br>2017 രണ്ടാം അർദ്ധ വർഷം മുതൽ | 152.24 | 60 | 8221+412 =8633 (മേൽക്കൂര ഇളവ് 10%) | 80 | 10962+548= 11510 | 17-18=1438<br>18-19=2877<br>19-20=2877<br>20-21=2877<br>ആകെ=10069 |
| 12/340 G<br>അനിൽകുമാർ, അജിത്ത്കുമാർ, മുകുന്ദവർമ്മ<br>2017 രണ്ടാം അർദ്ധ വർഷം മുതൽ | 275.84 | 60 | 18206+911= 19117 (വഴി സൗകര്യം 20% വർദ്ധനവ്, മേൽക്കൂര ഇളവ് 10%) | 80 | 24274+1214 =25488 | 17-18=3186<br>18-19=6371<br>19-20=6371<br>20-21=6371<br>ആകെ=22299 |
| 31/331 B<br>കൃഷ്ണൻ, , സരോജിനി<br>2018 രണ്ടാം അർദ്ധ വർഷം മുതൽ | 142.89 | 60 | 6859+343 =7202 (മേഖല ഇളവ് 10%, മേൽക്കൂര ഇളവ് 10%) | 80 | 9145+458= 9603 | 18-19=1201<br>19-20=2401<br>20-21=2401<br>ആകെ=6003 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | | | | ആകെ | 53393 |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇതിന് വിശദീകരണം നൽകേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും നഗരസഭാഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് വർഷത്തെ നഷ്ടം – 15941/-)

1-14 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി നിരക്ക് ഉറപ്പ് വരുത്തുന്നില്ല

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 230, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു നഗരസഭാ പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.
പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6 കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ് / വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.
സഞ്ചയയിൽ വസ്തുനികുതി പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ നികുതി നിർണയം പരിശോധിച്ചപ്പോൾ നിരവധി കെട്ടിടങ്ങൾക്ക് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം.<br>കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|
| 8/821 എ തൊട്ടി തൊടി അബ്ദുൽ നാസർ, റസിയ | 291.46 | പാർപ്പിടം |
| 8/959 എ മുഹമ്മദ് ഷാജി, ഷംന | 364.61 | പാർപ്പിടം |
| 9/195 1) അക്ബർ, വേങ്ങാട്, 2) സജ്ന | 273.05 | പാർപ്പിടം |
| 20/403 അബ്ദുൾ അസീസ്, നസീറ | 505.14 | പാർപ്പിടം |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.
250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി/ ഇറ്റാലിയൻ മാർബിൾ/ ഗ്രാനൈറ്റ്/ തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിച്ച് ഉയർന്ന നിരക്കിലുള്ള നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 ജീവനക്കാരുടെ 2020-21 ലെ ഒന്ന് / രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2020-21 ലെ ഒന്ന് / രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ജി. ജി. യു. പി. എസ്, ഫറോക്ക് | 1 |
| 2 | ഫറോക്ക് നഗരസഭ – LSGD Engineering | 1 |
| 3 | ഫറോക്ക് NGD പോസ്റ്റ് ഓഫീസ് | 2 |
| 4 | ഇ. എസ്. ഐ ഹോസ്പിറ്റൽ, ഫറോക്ക് | 2 |
| 5 | APHC-NHM ഹോമിയോ ഡിസ്പെൻസറി, ഫറോക്ക് | 1&2 |
| 6 | GWLPS, ഫറോക്ക് | 1 |
| 7 | BEM UPS, ഫറോക്ക് | 1 |
| 8 | ബഡ്സ് സ്കൂൾ, ഫറോക്ക് | 1,2 |
| 9 | ഫറോക്ക് കോ – ഓപ്പറേറ്റീവ് അർബൻ ബാങ്ക് – ഹെഡ് ഓഫീസ് | 1 |
| 10 | ഫറോക്ക് കോ – ഓപറേറ്റീവ് അർബൻ ബാങ്ക് – മെയിൻ റോഡ് | 1 |
| 11 | ഫറോക്ക് കോ – ഓപറേറ്റീവ് അർബൻ ബാങ്ക് – ചുങ്കം | 1 |
| 12 | കരുവൻ തുരുത്തി സർവീസ് കോ – ഓപ് ബാങ്ക് | 1 |
| 13 | കരുവൻ തുരുത്തി സർവീസ് കോ- ഓപ് ബാങ്ക് – പെരുമുഖം ബ്രാഞ്ച് | 1 |
| 14 | ജില്ലാ സഹകരണ ബാങ്ക്, ഫറോക്ക് | 1&2 |
| 15 | റോയൽ അലയൻസ് ഓഡിറ്റോറിയം | 1&2 |
| 16 | റോയൽ കർട്ടൻസ് | 2 |
| 17 | VRL ലോജിസ്റ്റിക്സ് | 2 |
| 18 | ബ്രൈറ്റ്, ഫറോക്ക് | 1&2 |
| 19 | ശോഭ ലിമിറ്റഡ് | 1&2 |
| 20 | മാക്സ് വാല്യൂ ക്രഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ് | 1 |
| 21 | ക്ലാസിക് മോട്ടോർസ്, ചുങ്കം | 1 |

| | | |
|---|---|---|
| 22 | നക്ഷത്ര ഗോൾഡ് & ഡയമണ്ട് | 1 |
| 23 | ESSEFSY ഫൂട് വെയർ & പ്രൈവറ്റ് ലിമി. | 1&2 |
| 24 | FSC ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1 |
| 25 | ഡയ് ലി എക്സ്പ്രസ് LLP | 1&2 |
| 26 | അൽകോ ഗ്ലാസെസ് പ്ലൈവുഡ് & ഫാബ്രിക്കേഷൻ | 1&2 |
| 27 | മുക്കം ടയേഴ്സ് | 2 |
| 28 | അറേബിയൻ മജ് ലിസ്, ചുങ്കം | 2 |
| 29 | ചാലിയാർ ഹോട്ടൽ | 1&2 |
| 30 | വിസ്മയ അപ്പർ സ്റ്റിച്ചിങ് യൂനിറ്റ് | 1 |
| 31 | സബ് റീജിയനൽ RTO, രാമനാട്ടുകര | 1 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്ന് / രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽനികുതി നഗരസഭയിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245 പ്രകാരം ഓരോ അർദ്ധവർഷവും ആകെക്കൂടി 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ഇപ്രകാരം സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് പോകുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ ഒരു പ്രധാനപ്പെട്ട വീഴ്ചയാണ്. ബന്ധപ്പെട്ട സെക്ഷനും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും ഇക്കാര്യത്തിൽ ഉത്തരവാദിത്തമുണ്ട്. അപാകതകൾക്ക് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-16 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭയുടെ 2019-20, 20-21 സാമ്പത്തിക വർഷത്തെ, വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തുനികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | 2019-20 | 2020-21 |
|---|---|---|
| വസ്തുനികുതി ജനറൽ (കറന്റ്) | 2438131 | 5436464 |
| വസ്തുനികുതി ജനറൽ (അരിയർ) | 1159001 | 299443 |
| ആകെ | 3597132 | 5735907 |

2019-20 ൽ 3597132 രൂപയുണ്ടായിരുന്ന വസ്തുനികുതി കുടിശ്ശിക 2020-21 ൽ 5735907 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഭീമമായ വർദ്ധനവിന്റെ കാരണം വിശദമാക്കേണ്ടതാണ്

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ മൂല്യം കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിനായി ഓഡിറ്റ് വർഷമോ തുടർ വർഷങ്ങളിലോ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ മുഖ്യ തനത് വരുമാനത്തിൽ വലിയ തുക കുടിശ്ശികയായതിന് വിശദീകരണം നൽകേണ്ടതും ആയത് പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ഓഡിറ്റ് കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിഭാവനം ചെയ്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിലും നിർമ്മാണങ്ങൾ നേരിൽ കണ്ടതിലും ശ്രദ്ധയിൽപ്പെട്ട പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

I. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണങ്ങൾ

നഗരസഭ കെട്ടിടത്തിൽ വിവിധ പ്രോജക്ടുകളിലായി നടത്തിയ നിർമ്മാണങ്ങൾക്ക് ഉപയോഗപ്പെടുത്തിയത് എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഇനങ്ങളാണെന്ന് കാണുന്നു.

ഒന്നാം നിലയുടെ ഫാൾസ് സീലിംഗിനും ഷീറ്റ് റൂഫിനുമിടയിലെ സൈഡ് ഗ്യാപ്പ് അടക്കുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഉയർന്ന നിരക്കിലുള്ള ആനോഡൈസ്ഡ് അലുമിനിയം ഗ്രിൽ ആണ്. എന്നാൽ ഈ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നത് റാബിറ്റ് വയർ മെഷിനോട് സാമ്യമുള്ള (കാഴ്ചയിൽ അലുമിനിയം പോലെ) വലയുപയോഗിച്ചാണ്.

ഫ്രണ്ട് ഓഫീസിന്റെ ഫാൾസ് സീലിംഗിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഇ ബോർഡ് ഉപയോഗിച്ചുള്ള പ്രവൃത്തിയാണ്. എന്നാൽ ഒന്നാം നിലയിൽ ചെയ്ത വിധത്തിലുള്ള കാൽസ്യം സിലിക്കേറ്റ് ബോർഡ് പോലുള്ള വസ്തുവാണ് യഥാർത്ഥത്തിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഇനങ്ങൾ കരാറുകാർ ഉപയോഗിക്കുന്നത് പരിശോധിക്കാതെ എസ്റ്റിമേറ്റ് പ്രകാരം തുക നൽകുന്നതു മൂലം നഗരസഭാഫണ്ടിന് അധിക ചെലവുണ്ടാകുന്നു. മേൽ പ്രവൃത്തികളിൽ യഥാർത്ഥത്തിൽ ഉപയോഗിച്ച സാമഗ്രികളുടെ നിരക്ക് പരിശോധിച്ച് അധിക തുക കരാറുകാരന് നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

II. പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തിയ സാമഗ്രികളുടെ സ്പെസിഫിക്കേഷൻ / ഗുണമേന്മ ഉറപ്പുവരുത്തുന്നില്ല

വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ള അതേ സാമഗ്രികളാണോ സൈറ്റിൽ പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നത് എന്നത് ഉറപ്പാക്കുന്നില്ല. ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയ പല പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും മുന്തിയയിനം സാമഗ്രികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതേ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കാൻ സാങ്കേതിക വിഭാഗം ശ്രമിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

നഗരസഭ ഒന്നാം നില നിർമ്മാണം

വൻതുക അടങ്കലായി ചെയ്ത ഒന്നാം നില നിർമ്മാണത്തിന്റെ ഭാഗമായി വാതിലുകൾക്കും, ജനലുകൾക്കുമായി ഉൾപ്പെടുത്തിയത് DAR ലെ 21.1.1.3, 21.1.2.3 എന്നീ ഐറ്റങ്ങളാണ്. ആയതിന്റെ വിവരണം പരിശോധിച്ചാൽ, പോളിസ്റ്റർ പൗഡർ കോട്ടഡ് ആയുള്ള അലുമിനിയം ഉപയോഗിച്ചുള്ള നിർമ്മാണമാണ് ഇതെന്ന് വ്യക്തമാകും. ഈ ഐറ്റങ്ങളുടെ തൊട്ടു മുകളിലെ ഐറ്റത്തിൽ (21.1.1.2, 21.1.2.2) അലൂമിനിയത്തിന്റെ സ്പെസിഫിക്കേഷൻ പൗഡർ കോട്ടഡ് ആണ്. ഈയിനത്തിന് മേൽ ഐറ്റത്തിനേക്കാൾ (21.1.1.3, 21.1.2.3) നിരക്ക് കുറവാണ്. നിരക്കു കുറഞ്ഞ ഈയിനമാണ് മറ്റൊരു പ്രോജക്ടിൽ (ഓഫീസ് നവീകരണം) നഗരസഭയുടെ താഴെ നിലയിലെ അലൂമിനിയം പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയത്. നഗരസഭയുടെ ഒന്നാം നിലയിൽ ഉയർന്ന നിരക്കിൽ ചെയ്ത അലുമിനിയം പ്രവൃത്തിയും, താഴെ നിലയിൽ ഉപയോഗിച്ച അലുമിനിയവും കാഴ്ചയിൽ ഒരേ പോലെയാണ്. ഒന്നാം നിലയിൽ ഉപയോഗപ്പെടുത്തിയത് പോളിസ്റ്റർ പൗഡർ കോട്ടഡ് അലുമിനിയമാണെന്ന് ഉറപ്പ

വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

നഗരസഭ ഷെഡ് മെയിന്റനൻസ്

ഒന്നാം നിലയുടെ പുറകുവശത്തെ റൂഫിംഗിനായി എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയത് ഉയർന്ന നിരക്കുള്ള "അലൂമിനിയം സിങ്ക്" റൂഫിംഗ് ഷീറ്റ് ആണ്. അതേ സമയം ഓഫീസ് നവീകരണമെന്ന മറ്റൊരു പദ്ധതിയിൽ നഗരസഭാ കെട്ടിടത്തിന്റെ പാർക്കിംഗ് ഭാഗത്ത് റൂഫിംഗ് ചെയ്യാൻ ഉൾപ്പെടുത്തിയത് താരതമ്യേന നിരക്കു കുറഞ്ഞ ട്രഫോർഡ് ഷീറ്റ് ആണ്. കാഴ്ചയിൽ മേൽ രണ്ടു ഷീറ്റുകളും ഒരേ വിധമാണ്. ഒന്നാം നിലയിൽ ഉപയോഗപ്പെടുത്തിയ ഷീറ്റിൽ കമ്പനിയുടെ വിവരങ്ങളോ, കനമോ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ ഷീറ്റിന്റെ ഗുണമേന്മ എപ്രകാരം ഉറപ്പു വരുത്തിയെന്ന് വ്യക്തമല്ല.

III. എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നു

വിവിധ പദ്ധതികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ പലപ്പോഴും തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതു മൂലം നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടു. നഗരസഭാ കോമ്പൗണ്ടിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിൽ കോൺക്രീറ്റ് വാളിനുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഇനത്തിന് കോളത്തിനുള്ള ഇനം ഉൾപ്പെടുത്തിയതും, നായനാർ സ്റ്റേഡിയത്തിൽ മണ്ണ് ഫില്ലിംഗിനും, ഫൗണ്ടേഷൻ പ്രവൃത്തിയ്ക്കും തെറ്റായി ഇനങ്ങൾ ഉൾപ്പെടുത്തിയതും ഇതിനുദാഹരണങ്ങളാണ്. (ഖണ്ഡിക 1-19, 1-21 കാണുക)

IV. എസ്റ്റിമേറ്റുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല

നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്ന വിധം പരിശോധന നടക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

ട്രഫോർഡ് ഷീറ്റ് റൂഫിംഗ്: ഈയിനത്തിനായി ഒബ്സേർവ്ഡ് ഡാറ്റയാണ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തി വരുന്നത്. ഈ ഡാറ്റകൾ പരിശോധിച്ചാൽ ട്രഫോർഡ് ഷീറ്റ് ഉറപ്പിക്കുന്നതിനായി J, L ഹുക്കുകളും, നട്ടുകൾ, വാഷറുകൾ തുടങ്ങിയവയുടെ വിലയും ഇതിലുൾപ്പെട്ടിട്ടുണ്ടെന്ന് കാണാം. എന്നാൽ നിലവിൽ ഷീറ്റുകൾ ഉറപ്പിക്കുന്നതിന് J, L ഹുക്കുകൾ ഉപയോഗപ്പെടുത്തുന്നില്ല. ഷീറ്റുകൾ മുകൾ ഭാഗത്തു നിന്ന് പ്രത്യേക നട്ടുകൾ ഉപയോഗിച്ച് ഉറപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ J, L ഹുക്കുകളുടെ നിരക്ക് അധികമായി നൽകുന്നുവെന്ന് വ്യക്തമാണ്.

ഇന്റർലോക്ക് പേവിംഗ്: ഓഡിറ്റ് വർഷത്തിൽ നടത്തിയ വിവിധ ഇന്റർലോക്ക് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഇന്റർലോക്ക് ബ്രിക്കുകൾക്ക് ഉയർന്ന നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ബ്രിക്കുകൾക്ക് മാർക്കറ്റ് വില കുറവാണെന്നിരിക്കെ ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതു വഴി നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടാകുന്നു. നഗരസഭ കോമ്പൗണ്ട് മുറ്റം ഉയർന്ന നിരക്കിൽ ഇന്റർലോക്ക് പാകിയത് ഇതിനുദാഹരണമാണ്.

മണ്ണ് പ്രവൃത്തി: നഗരസഭയിൽ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ വിവിധ ഡ്രൈനേജ് നിർമ്മാണങ്ങളിൽ മണ്ണെടുക്കുന്ന പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയത് 11.1.1.1 എന്നയിനമാണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material, Back Filling Trenches തുടങ്ങിയ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ചെറിയ ആഴത്തിൽ മാത്രമുള്ള ഈ സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് കൂടുതൽ നിരക്കുള്ള ഐറ്റം ഉൾപ്പെടുത്തുന്നതു വഴി അധിക ചെലവുണ്ടാകുന്നുണ്ട്.

V. യഥാർത്ഥ ആവശ്യം മനസ്സിലാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല

പദ്ധതികളുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കാതെ / ആസൂത്രണമില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതു മൂലം നഗരസഭാഫണ്ടിന്റെ അധിക ചെലവ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നഗരസഭാ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണത്തിൽ കൗൺസിൽ ഹാളിന് രണ്ടു പാർട്ടീഷൻ വാൾ നിർമ്മിക്കുന്നതിനും മറ്റുമായി എസ്റ്റിമേറ്റ് പുതുക്കുകയും പി.വി.സി. ബോർഡ് ഉപയോഗിച്ച് (സ്റ്റീൽ

സ്ട്രക്ച്ചറിൽ ഉറപ്പിച്ച രീതിയിൽ) പ്രവൃത്തി നടത്തുന്നതിന് എക്ട്രായിനമായി ഐറ്റം ഉൾപ്പെടുത്തി ചെയ്യുകയും ചെയ്തു. രണ്ടു പാർട്ടീഷൻ വാളിനായി ഏകദേശം 3,82,578/- രൂപ സ്റ്റീൽ വർക്കിനും, പി.വി.സി. ബോർഡിനുമായി ചെലവഴിച്ചിട്ടുണ്ട്. ഈ ചുമരുകളുടെ നിർമ്മാണം സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് (ഇതേ പ്രോജക്ടിൽ ചുമരുകളുടെ നിർമ്മാണത്തിനായി ഉൾപ്പെടുത്തിയ ഇനങ്ങളുപയോഗിച്ച്) ചെയ്ത്, പ്ലാസ്റ്ററിംഗും, പെയിന്റിംഗും നടത്തിയിരുന്നെങ്കിൽ രണ്ടു ലക്ഷത്തിൽ താഴെ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. നിർമ്മാണം നടത്തിയ ഒരു ഭാഗത്തെ ഇടച്ചുമർ നിലവിലുള്ള കോളം സ്ട്രക്ച്ചറിനകത്തായിട്ടും ഇവിടെ കല്ലുപയോഗിച്ച് ചുമർ നിർമ്മാണം നടത്താതിരുന്നതും ശ്രദ്ധേയമാണ്.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ കൂടുതൽ ജാഗ്രത പാലിക്കേണ്ടതും, കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കും വിധം സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടതുമാണ്. എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ പ്രകാരമുള്ള ഗുണമേന്മ ഉപയോഗിക്കുന്ന സാമഗ്രികൾക്കുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർവർഷങ്ങളിൽ ഈ വിഷയം പരിശോധനാ വിധേയമാക്കുന്നതാണ്.

## 1-18 മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം - അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : കൈതോലിപ്പാടം റോഡ് ബിൽ തുക നൽകൽ, 410/21

അടങ്കൽ : 6,39,140/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 6,39,140/- ബിൽ നം. 336/3.3.2021

2019-20 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണിത്. മഴവെള്ളം കുത്തിയൊലിച്ച് ഗതാഗത യോഗ്യമല്ലാതായ ഈ റോഡിന് ആവശ്യമായ സ്ഥലത്ത് ഡി. ആർ. മേസൻറി ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിക്കുന്നതിനും മണ്ണ് ഫിൽ ചെയ്ത് ബലപ്പെടുത്തിയ ശേഷം കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള ഇനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതിയുടെ ഫയലും എസ്റ്റിമേറ്റും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

- സൈഡ് വാൾ നിർമ്മിച്ച് റോഡിൽ മണ്ണിട്ട് ഉയർത്തുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ കരാറുകാരന്റെ മണ്ണുപയോഗിച്ച് ട്രഞ്ചസ്, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡ് എന്നിവ ഫിൽ ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണിതെന്ന് വ്യക്തമാകും. ഇത്തരം സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനായി ലേബർ ഘടകം കൂടുതലായി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അളവു പുസ്തകം 95/19-20 പ്രകാരം ഈ പ്രവൃത്തി നടത്തിയ അളവുകൾ പരിശോധിച്ചാൽ ഓപ്പൺ ഏരിയയിൽ (ശരാശരി 3 മീറ്റർ വീതിയിൽ റോഡിനായി) മണ്ണ് നിറക്കുന്ന പ്രവൃത്തിയാണ് നടന്നതെന്ന് വ്യക്തമാകുന്നു. ഈ വിധം 120.03 M3 അളവിൽ പ്രവൃത്തി നടന്നു. തുറന്ന സ്ഥലത്ത് (ഓപ്പൺ ഏരിയ) മണ്ണ് നിറക്കുന്നതിന് പ്രൈസിൽ തൊട്ടടുത്ത ഇനമായി 50.2.26.1 ഉണ്ട്. ഇതുപയോഗപ്പെടുത്താതെ 50.2.25.1 ഉൾപ്പെടുത്തിയതു മൂലം നഗരസഭ ഫണ്ടിന് അധിക ചെലവുണ്ടായി.

| 50.2.25.1 പ്രകാരം നൽകിയ തുക | 50.2.26.1 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 120.03 X 375(407.92 ന്റെ 8.07% കുറഞ്ഞ നിരക്ക്) = 45011.25 | 120.03 X 240.05 (261.12 ന്റെ 8.07% കുറഞ്ഞ നിരക്ക്) = 28813.2 |
| അധികം നൽകിയത് 16198/- | |

. 2019-20 വർഷത്തിൽ രൂപീകരിച്ച പദ്ധതി ടെണ്ടർ നടപടികൾ നടത്തി 2019 ഡിസംബർ മാസം മുസ്തഫ എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടു. അളവു പുസ്തകം പ്രകാരം 31.3.2020 – ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബിൽ തുക തൻവർഷം നൽകിയിട്ടില്ല. എന്നാൽ തുടർവർഷം സ്പിൽ ഓവർ പ്രവൃത്തിയായി ബിൽ നൽകേണ്ടതിനു പകരം പുതിയ പദ്ധതിയായി വിഭാവനം ചെയ്ത് (വെറ്റിംഗ് തിയ്യതി 10.11.20) തുക നൽകുകയാണുണ്ടായത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പുതിയ പദ്ധതിയായി ഉൾപ്പെടുത്തി തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും പ്രവൃത്തി പൂർത്തീകരണ ശേഷം വിഭവസ്രോതസ്സ് മാറ്റിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായയിനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 നായനാർ സ്റ്റേഡിയം പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ - തെറ്റായ ഇനങ്ങൾ ഉൾപ്പെട്ടതിനാൽ അധിക ചെലവ്

സ്റ്റേഡിയം ഗേറ്റിന്റെ റിപ്പയറിനും ക്രിക്കറ്റ് ട്രെയിനിംഗ് നടത്തുന്നതിന് ഒരു ഗ്രിൽ ഇട്ട കോർട്ട് നിർമ്മിക്കുന്നതിനുമാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. തനതുഫണ്ട് 5,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ടെണ്ടർ ചെയ്ത് അബ്ദുൾ മൻസൂർ എന്ന കരാറുകാരനെ 30.12.2019 – ലെ 86/19-20 കരാർ മുഖേന ഏൽപ്പിച്ചു. പ്രവൃത്തി സ്ഥലത്ത് കിഫ്ബിയുടെ വാട്ടർ സപ്ലൈ പദ്ധതിയുടെ സാമഗ്രികൾ കിടക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് സംബന്ധിച്ച് 26.2.2020 – ന് കരാറുകാരൻ നഗരസഭയെ അറിയിച്ചിട്ടുണ്ട്. അളവു പുസ്തക പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 9.11.2020 – നാണ്. 17.3.2020 – ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനനുസരിച്ച് പ്രവൃത്തികൾ നടന്നത് ആദ്യ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യാസത്തിലാണ്. ഗ്രിൽഡ് കോർട്ട് നിർമ്മിക്കുന്നതിനുള്ള മുഴുവൻ ഇനങ്ങളും ഒഴിവാക്കി സ്റ്റേഡിയത്തിന്റെ ഇടതു ഭാഗത്ത് നാലുവശം സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഫൗണ്ടേഷനും ബേസ്മെന്റും നിർമ്മിച്ച് (20.2 മീറ്റർ നീളം, 29.3 മീറ്റർ വീതി) അതിനകത്ത് 15 മീറ്റർ നീളത്തിലും വീതിയിലും വരുന്ന ഭാഗം കോൺക്രീറ്റ് (1:2:4) ചെയ്യുകയും, ബാക്കി ഭാഗം മണ്ണ് ഫിൽ ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഗേറ്റ് റിപ്പയർ ആദ്യ എസ്റ്റിമേറ്റ് പ്രകാരം നടന്നു. പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ശ്രദ്ധയിൽപ്പെട്ടാൽ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കിയാണ് ഇവിടെ പ്രവൃത്തി നടത്തിയത്.

ഓഡിറ്റിന്റെ ഭാഗമായി സ്റ്റേഡിയം നേരിൽ പരിശോധിക്കുകയുണ്ടായി. അളവു പുസ്തക പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഈ ഭാഗം ഉപയോഗപ്രദമല്ലാത്ത രീതിയിൽ കിടക്കുകയാണ്. കോൺക്രീറ്റ് ചെയ്ത ഭാഗത്തിന്റെ ഭൂരിഭാഗവും ചെളി മൂടി കിടക്കുകയാണ്. ക്രിക്കറ്റ് ട്രെയിനിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങളൊന്നും നിലവിലും സജ്ജീകരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിനു ശേഷം 2021-22 സാമ്പത്തിക വർഷത്തിലോ, നിലവിലെ 2022-23 സാമ്പത്തിക വർഷത്തിലോ ഈ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ 2020-21 – ൽ നടത്തിയ ചെലവുകൾ പാഴ്ചെലവായിരിക്കുകയാണ്.

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ വിവിധ പ്രവൃത്തികൾക്കായി തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായതായി കാണുന്നു.

1. മണ്ണ് ഫില്ലിംഗ് : സ്റ്റേഡിയത്തിൽ മണ്ണിട്ടുയർത്തുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ കരാറുകാരന്റെ

മണ്ണുപയോഗിച്ച് ട്രഞ്ചസ്, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡ് എന്നിവ ഫിൽ ചെയ്യുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണിതെന്ന് വ്യക്തമാകും. സ്റ്റേഡിയം പോലുള്ള ഓപ്പൺ ഏരിയയിൽ മണ്ണ് നിറക്കുന്നതിന് ഈയിനം ഉൾപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. പ്രൈസിൽ തൊട്ടടുത്ത ഇനമായ 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈയിനത്തിൽ 28260/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

| 50.2.25.1 പ്രകാരം നൽകിയ തുക | 50.2.26.1 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 192.5 X 407.92 = 78525.6 | 192.5 X 261.12 = 50265.6 |
| അധികം നൽകിയത് 28260/- | |

2. ക്രിക്കറ്റ് കോർട്ടിനുള്ള ഭാഗം തിരിച്ച് സ്റ്റേഡിയത്തിൽ നിന്നും വേർതിരിക്കുന്നതിന് സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് അടിത്തറ നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.6.1.8 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ 40x20x15 കനത്തിലുള്ള ബ്ലോക്ക് ഉപയോഗിച്ച് രണ്ടു നില വരെയുള്ള സൂപ്പർ സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനുള്ള ഇനമാണെന്ന് വ്യക്തമാകുന്നു. ഫൗണ്ടേഷൻ നിർമ്മാണത്തിന് ലേബർ വർക്ക് താരതമ്യേന കുറവാണെന്നിരിക്കെ കൂടുതൽ നിരക്കുള്ള ഇനം ഉൾപ്പെടുത്തിയതു മൂലം അധിക ചെലവുണ്ടായി.

| 50.6.1.8 പ്രകാരം നൽകിയ തുക | 50.6.1.7 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 15.84 X 5733.71 = 90821.57 | 15.84 X 5199.57 = 82361.19 |
| അധികം നൽകിയത് 8460/- | |

മേൽ വിവരിച്ച പ്രകാരം സ്റ്റേഡിയം ക്രിക്കറ്റ് ട്രെയിനിംഗിന് ഉപയോഗക്ഷമമാക്കും വിധം പൂർത്തീകരിക്കാത്തതിനും, തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തിയതു മൂലമുണ്ടായ 36,720/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും, സ്റ്റേഡിയം ഉപയോഗക്ഷമമാക്കി അറിയിക്കേണ്ടതുമാണ്.

## 1-20 ബേപ്പൂർ തുറമുഖം മാന്വൽ ഡ്രഡ്ജിങ്ങ് വഴി നഗരസഭയുടെ കടവിലൂടെയുള്ള മണൽ വിൽപ്പന – അപാകതകൾ

സ.ഉ(കൈ)2/2017/മ.തു.വ തിയ്യതി 9.2.2017 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്ത് കപ്പൽ ചാലിന് പര്യാപ്തമായ ആഴം നിലനിർത്തുന്നതിന് അടിഞ്ഞു കൂടിയ മണൽ വാരുന്നതിന് നഗരസഭയ്ക്ക് ഒരു കടവ് അനുവദിച്ചു കിട്ടിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള മാന്വൽ ഡ്രഡ്ജിങ്ങ് നയത്തിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയ്ക്ക് മാന്വൽ ഡ്രഡ്ജിങ്ങിനുള്ള അനുമതി ലഭിച്ചത്. നഗരസഭാ കൗൺസിലിന്റെ 30.1.2019 – ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം നഗരസഭയിലെ പെരുവൻമാട് കടവിൽ പാതാർ തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

മണൽ വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാന്വൽ ഡ്രഡ്ജിങ്ങ് നടത്തുന്നത് നഗരസഭയല്ല

മാന്വൽ ഡ്രഡ്ജിങ്ങ് നടത്തുന്നത് സംബന്ധിച്ചുള്ള കരട് നയം 4-1 പ്രകാരം പദ്ധതി പ്രാവർത്തികമാക്കേണ്ടത് തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ്. മാന്വൽ ഡ്രഡ്ജിങ്ങിന് അനുവാദം ലഭിച്ചിട്ടുള്ളത് നഗരസഭയ്ക്കാണ്. തദ്ദേശ സ്ഥാപനങ്ങൾ സുതാര്യ മാർഗ്ഗങ്ങളിലൂടെ തദ്ദേശീയരായ മണൽ

തൊഴിലാളികളെ ഉപയോഗിച്ച് മാന്വൽ ഡ്രഡ്ജിങ്ങ് നടത്തി തുറമുഖ വകുപ്പിന് വിഹിതം നൽകുന്നതായിരിക്കും എന്നാണ് മാർഗ്ഗരേഖ. എന്നാൽ ഇവിടെ തുറമുഖ വകുപ്പ് പോർട്ട് ഓഫീസർ വാരുന്ന മണലിന്റെ അളവ്, തൊഴിലാളികൾക്കുള്ള കൂലി, നഗരസഭാ വിഹിതം എന്നിവയടങ്ങുന്ന ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ആയതിന് തത്തുല്യമായ ചെക്ക് നഗരസഭയിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ഒരു നിശ്ചിത കാലയളവിൽ മാന്വൽ ഡ്രഡ്ജിങ്ങ് മുഖേന ശേഖരിച്ച് വിതരണം നടത്തിയ മണൽ ടണ്ണിന് 665 രൂപ തൊഴിലാളികൾക്ക് കൂലി നൽകുന്നതിനും 100 രൂപ നഗരസഭാ വിഹിതമായും ബേപ്പൂർ പോർട്ട് സീനിയർ കൺസർവേറ്ററുടെ ഉത്തരവ് നടപടികളിലൂടെ നഗരസഭയ്ക്ക് ചെക്ക് ലഭിക്കുന്നു. ഈ 100 രൂപയിൽ നിന്ന് പെരുവൻമാട് കടവിലെ റിസീവറുടെ കൂലിയും കടവ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉടമയ്ക്ക് നൽകേണ്ട കൂലിയും മറ്റു ചെലവുകളും നഗരസഭ വഹിക്കുന്നു. കടവ് റീസീവർ സമർപ്പിക്കുന്ന തൊഴിലാളികളുടെ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് നഗരസഭ തൊഴിലാളികൾക്ക് കൂലി നൽകുന്നത്. തുറമുഖ വകുപ്പ് നിശ്ചയിച്ച ടണ്ണിന് 1,250 രൂപ വിലയിൽ 100 രൂപ മാത്രമാണ് നഗരസഭാ വിഹിതമായി മറ്റു ചെലവുകൾക്കായി ലഭിക്കുന്നത്. മണലിന്റെ വിൽപ്പന സംബന്ധിച്ചോ മണലിന്റെ വില സംബന്ധിച്ചോ യാതൊരു ഇടപെടലും നടത്താൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നഗരസഭാ പരിധിയിലെ കടവ് വഴി മണൽ ഖനനം നടത്തി വിൽപന നടത്തുന്നതിലൂടെ നഗരസഭയ്ക്ക് സാമ്പത്തികനേട്ടം ലഭിക്കുന്നില്ല.

2) മണൽ പാസ് ഉപയോഗിക്കുന്നതിലെ അപാകത

മാർഗരേഖ 4-4 പ്രകാരം ഡ്രഡ്ജ് ചെയ്ത മണൽ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ജിയോളജി വകുപ്പ് അനുശാസിക്കുന്ന ഫീസ് ഒടുക്കി നിയമ വിധേയമായ പാസ്സുകൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ പെരുവൻമാട് കടവിൽ ഖനനം ചെയ്യുന്ന മണൽ വിൽപ്പന നടത്തുന്നതിന് മണൽ പാസ് ഉപയോഗിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭയിൽ ഇല്ല.

3) മണൽ കമ്മറ്റി അപാകതകൾ

മാന്വൽ ഡ്രഡ്ജിങ്ങ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അനുസരിച്ച് 5-3 പ്രകാരം കടവുകളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് തുറമുഖം, പോലീസ്, റവന്യൂ വകുപ്പ്, തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഇതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ മീറ്റിംഗുകളിൽ നഗരസഭ പ്രതിനിധികൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. 30.9.2019 മുതൽ പ്രവർത്തിക്കുന്ന കമ്മിറ്റി 5.6.2020 – ന ശേഷം 2.1.2022 – ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

4) മണൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ ഹാജരാക്കിയില്ല

മേൽ ഉത്തരവ് പ്രകാരമുള്ള മാന്വൽ ഡ്രഡ്ജിങ്ങിന്റെ ഒരു പ്രധാനപ്പെട്ട ഉദ്ദേശം മണൽ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗതവും നിലവിലുള്ളതുമായ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം നൽകുക എന്നതാണ്. അതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികളെ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 27 /20-21 തിയ്യതി 22.7.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് നഗരസഭയ്ക്ക് ഗുണകരമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 നഗരസഭ ചുറ്റുമതിൽ - ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു മൂലം അധിക ചെലവ് - മറ്റപാകതകളും

നഗരസഭാ ഓഫീസ് കോമ്പൗണ്ടിന് ചുറ്റുമതിൽ, ഗേറ്റ്, പാർക്കിംഗ് പ്ലാസ എന്നിവ നിർമ്മിക്കുന്നതിനും മുറ്റം ഇന്റർലോക്ക് ബ്രിക്ക് വിരിക്കുന്നതിനുമായി 2018-19 സാമ്പത്തിക വർഷത്തിൽ 14,50,000/- രൂപ അടങ്കലിൽ (12,02,920/- സി.എഫ്.സി., 2,47,080/- തനതുഫണ്ട്) രൂപീകരിച്ചതാണ് ഈ പ്രോജക്ട്. പദ്ധതിയ്ക്കായി ആകെ 11,61,567/- രൂപ ചെലവഴിച്ചു (ബിൽ നം. 17/5.4.2019 - 712003/-, ബിൽ നം. 183/7.11.20 - 449564/-). കരിങ്കല്ലുപയോഗിച്ച് പാർശ്വഭിത്തി നിർമ്മിക്കുന്ന വിധം ഇനങ്ങൾ

ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. 7.46% കുറവ് നിരക്ക് രേഖപ്പെടുത്തിയ അബ്ദുൾ നാസിർ കെ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് 23.10.2018 – ന് കരാറിലേർപ്പെട്ടു. അളവു പുസ്തകം 72/14-15 പ്രകാരം 25.10.2018 – ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പ്രവൃത്തി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കി. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കരിങ്കല്ല് പാർശ്വഭിത്തി നിർമ്മിക്കാൻ രണ്ടു മീറ്ററിലധികം ബേസ് വിഡ്ത്ത് ആവശ്യമാണെന്നും, ഇപ്രകാരം ചെയ്താൽ പാർക്കിംഗ് പ്ലാസയ്ക്ക് സ്ഥലപരിമിതി ഉണ്ടാകുമെന്നതിനാൽ RCC റീടൈനിംഗ് വാൾ ചെയ്യാമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. 6.12.2018 – ലെ 1(4) നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ അംഗീകാരം നൽകി. ഇതു പ്രകാരം മൂന്നു എക്സ്ട്രാ ഇനങ്ങൾ (PCC 1:4:8, 40 Mm Dia PVC Pipe, Solid Block Mesonry എന്നിവ) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി.

പദ്ധതി ഫയലും അളവു പുസ്തകങ്ങളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- അളവു പുസ്തക പ്രകാരം എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ PCC 1:4:8 പ്രവൃത്തികൾ എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ 5.11.2018, 9.11.2018, 20.11.2018 എന്നീ തിയ്യതികളിൽ നടന്നിട്ടുണ്ട്.
- പാർശ്വഭിത്തി കോൺക്രീറ്റ് വാൾ ആയി മാറ്റിയപ്പോൾ വാളിന്റെ നിർമ്മാണത്തിനായി പ്രത്യേകം സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഇനം ഉൾപ്പെടുത്താതെ ആദ്യ എസ്റ്റിമേറ്റിൽ കരിങ്കല്ല് കെട്ടിനിടയിൽ നൽകുന്ന കോളത്തിന്റെ നിർമ്മാണത്തിനായി ഉൾപ്പെടുത്തിയ സെന്ററിംഗ് ഇനത്തിൽ ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ഇതുമൂലം നഗരസഭയ്ക്ക് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ചെയ്ത അളവ് എം. ബുക്ക് 72/14-15 | ഐറ്റം 5.9.6 പ്രകാരം നൽകിയ തുക (22.13% കുറവ് നിരക്ക് @ 500) യഥാർത്ഥ നിരക്ക് – 642.12 | ഐറ്റം 5.9.2 പ്രകാരം നൽകാവുന്ന തുക (22.13% കുറവ് നിരക്ക് @ 404.24) യഥാർത്ഥ നിരക്ക് – 519.12 | അധികം നൽകിയത് |
|---|---|---|---|
| പേജ് 18 – 23.65<br>പേജ് 40 – 44.86<br>പേജ് 50 – 46.36<br>പേജ് 53 – 14.14<br>129.01 M2 | 129.01 X 500 = 64505 | 129.01 X 404.24 =52151 | 12354/- |

- നിർമ്മാണത്തിന്റെ ആദ്യ ഘട്ട പ്രവൃത്തികൾ 25.10.2018 – ന് ആരംഭിച്ച് 17.1.2019 വരെ നടന്നു. തുടർന്ന്

ആദ്യ പാർട്ട് ബിൽ നൽകി. തുടർന്നുള്ള പ്രവൃത്തികൾ നടത്തുന്നത് 11 മാസത്തിനു ശേഷം 17.12.2019 മുതൽ 24.3.2020 വരെയാണ്. നിർമ്മാണത്തിലുണ്ടായ കാലതാമസത്തെ കുറിച്ച് നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരോ ആരാഞ്ഞതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ബിൽതുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് സ്പിൽ ഓവർ പ്രവൃത്തിയാക്കി 2020-21 – ൽ തുക നൽകി. 2018-19 വർഷത്തിൽ ആരംഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

- മുറ്റം ഇന്റർലോക്ക് ചെയ്യാനായി ഐറ്റം 24 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഒബ്സേർവ്ഡ് ഡാറ്റയാണ്. ഇതു പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയ്ക്ക് വേണ്ടി വരുന്ന നിരക്ക് 1070.13/- രൂപയാണ്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ ഇന്റർലോക്ക് ബ്രിക്കിന്റെ വിലയായി ഉൾപ്പെടുത്തിയത് 500/- രൂപയാണെന്ന് കാണാം. മാർക്കറ്റ് വില കുറവായിരിക്കെ കൂടിയ നിരക്ക് ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതു മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനത്തിൽ ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയതു മൂലമുണ്ടായ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ ആദ്യ എസ്റ്റിമേറ്റിലെ ഇനത്തിലുൾപ്പെടുത്തി അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്. മറ്റപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

## 1-22 ചാലിയപ്പാടം ഡ്രെയിനേജ് - പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ ചാലിയപ്പാടം ഡ്രെയിനേജിന്റെ നിർമ്മാണത്തിനായി രണ്ട് വ്യത്യസ്ത പദ്ധതികൾ രൂപീകരിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര് / നമ്പർ | ചാലിയപ്പാടം ഡ്രെയിനേജ് സ്ലാബ്, 173/21 | ചാലിയപ്പാടം ഡ്രെയിനേജ്, 388/21 |
|---|---|---|
| അടങ്കൽ | 6,37,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 2,20,000/- (2,00,000- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 20,000/- തനതുഫണ്ട്) |
| ചെലവ് | 6,37,000/- ബിൽ നം. 379/17.3.21 | 2,15,538/-(2,00,000- ബിൽ നം. 378/17.3.21 ധനകാര്യകമ്മീഷൻ ഗ്രാന്റ്, ചെ. നം. 042829/30.3.21 - |

| | | |
|---|---|---|
| | | 15,538/- തനതുഫണ്ട്) |

ആദ്യ പ്രവൃത്തിയിൽ (173/21)75 മീറ്റർ ഡ്രെയിനേജിന്റെ നിർമ്മാണവും, ഡ്രെയിനേജിനോട് ചേർന്നുള്ള ഫുട്ട്പാത്തിന്റെ കോൺക്രീറ്റിംഗുമാണ് വിഭാവനം ചെയ്തത്. 8,00,000/- രൂപ വികസനഫണ്ട് എസ്.സി.പി. അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയ്ക്ക് 24.6.2020 – ന് സാങ്കേതികാനുമതി ലഭിച്ചു. തുടർന്ന് ഇ-ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത (20.32%) ശ്രീ. റോഷിൻ എ. കെ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും 21.8.2020 – ന് നമ്പർ 68/20-21 പ്രകാരം കരാറിലേർപ്പെടുകയും ചെയ്തു. അളവു പുസ്തക പ്രകാരം 26.11.2020 – ന് പ്രവൃത്തി പൂർത്തീകരിച്ചു. 67 മീറ്റർ നീളത്തിൽ ഡ്രെയിനേജ് നിർമ്മാണം നടന്നു. എന്നാൽ വർഷാവസാനം മാർച്ച് മാസത്തിൽ (1.3.2021 – ന്) പദ്ധതി ഭേദഗതി ചെയ്ത് ഫണ്ടിനം മാറ്റി (ധനകാര്യകമ്മീഷൻ ഗ്രാന്റ്) കരാറുകാരന് തുക നൽകി.

രണ്ടാമത്തെ പ്രവൃത്തിയ്ക്കായി (388/21) പദ്ധതി തയ്യാറാക്കി സാങ്കേതികാനുമതി 6.10.2020 – ന് ലഭിച്ചു. എസ്റ്റിമേറ്റ് പ്രകാരം 18.5 മീറ്റർ നീളത്തിൽ ഡ്രെയിനേജ് നിർമ്മാണവും ചേർന്നുള്ള ഫുട്ട്പാത്തിന്റെ നിർമ്മാണവുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ 4.11.2020 – ന് അബ്ദുൾറസാക്ക് എന്ന കരാറുകാരനെ ഏൽപ്പിച്ചു.

ഈ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

- ആദ്യ പ്രവൃത്തിയ്ക്കായി എസ്.സി.പി. ഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തിയ ശേഷം ബിൽ തുക നൽകുന്നതിനു മുമ്പായി ഫണ്ടിനം ധനകാര്യകമ്മീഷൻ ഗ്രാന്റായി മാറ്റാനുണ്ടായ കാരണം വ്യക്തമല്ല. പ്രത്യേക വിഭാഗങ്ങൾക്കുള്ള വിഹിതം വകയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട/ പാലിക്കേണ്ട നിബന്ധനകൾ പാലിച്ചാണോ (സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി) പദ്ധതി തയ്യാറാക്കിയിരുന്നത് എന്നത് ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല.
- മേൽ രണ്ടു പദ്ധതികളിലും ഡ്രെയിനേജിനായി മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഐറ്റം 11.1.1.1 ആണ് ഉൾപ്പെടുത്തിയത്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material, Back Filling Trenches തുടങ്ങിയ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. ചെറിയ ആഴത്തിൽ മാത്രമുള്ള ഈ സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് കൂടുതൽ നിരക്കുള്ള ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.
- രണ്ടാമത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഡ്രെയിനേജിന്റെ പൊളിച്ചെടുക്കുന്ന കല്ല് തൊട്ടടുത്ത ഫുട്ട്പാത്തിൽ പാകി കോൺക്രീറ്റ് ചെയ്യാനാണ് വിഭാവനം ചെയ്യുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരം പൊളിച്ചെടുത്ത കല്ല് ഡ്രെയിനേജിന്റെ തന്റെ അടിത്തട്ടിൽ പാകി അതിനു മുകളിൽ കോൺക്രീറ്റ് ചെയ്ത് നിർമ്മിക്കുകയാണ് ചെയ്തത്. കുറഞ്ഞ ആഴത്തിലും, വീതിയിലുമുള്ള ഡ്രെയിനേജിന്റെ അടിവശം ഇപ്രകാരം കരിങ്കൽ പാകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇതേ ഡ്രെയിനേജിന്റെ ഭൂരിഭാഗം വരുന്ന നീളം ആദ്യ പദ്ധതി പ്രകാരം നിർമ്മിച്ചപ്പോൾ ഇത്തരത്തിൽ കരിങ്കല്ല് പാകിയിട്ടില്ലായെന്നതും ശ്രദ്ധേയമാണ്.
- ഡ്രെയിനേജിന്റെ അടിത്തട്ടിൽ കരിങ്കല്ല് പാകുന്നതിന് ഉൾപ്പെടുത്തിയത് ഡ്രൈ റബിൾ മേസൻറിയ്ക്കുള്ള ഇനമാണ് (OD). കരിങ്കല്ല് പാകുന്നതിന് (ഡ്രൈ റബിൾ പാക്കിംഗ്) പ്രത്യേകം ഇനം ലഭ്യമായിരിക്കെ കൂടിയ നിരക്കിലുള്ള മേസൻറിയുടെ ഇനം ഉൾപ്പെടുത്തിയത് അധിക ചെലവിന് കാരണമായിട്ടുണ്ട്.
- ഒരേ ഡ്രെയിനേജിന്റെ പ്രവൃത്തി സമഗ്രമായി വിഭാവനം ചെയ്യാതിരുന്നതിനാൽ ടെണ്ടർ കുറവിനത്തിൽ അധിക ചെലവ് നഗരസഭയ്ക്കുണ്ടായി. ആദ്യ പ്രവൃത്തി 20.32% കുറവിൽ ചെയ്തപ്പോൾ

രണ്ടാമത്തെ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിലാണ് ഏറ്റെടുത്ത് നിർവ്വഹിച്ചത്. ഈ പ്രവൃത്തിയുടെ മൂല്യം 2,15.538/- രൂപ കണക്കാക്കിയാൽ ഏകദേശം 43,797/- രൂപയുടെ ലാഭം നഗരസഭയ്ക്ക് ഉറപ്പാക്കാമായിരുന്നു.

മേൽ വിവരിച്ച പ്രകാരം പ്രവൃത്തി പൂർത്തീകരണ ശേഷം ഫണ്ടിനം മാറ്റാനും, കൂടിയ നിരക്കിലുള്ള ഇനങ്ങൾ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്താനുമുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. ഡ്രെയിനേജിന്റെ ഒരു ഭാഗം മാത്രം അടിത്തട്ട് കരിങ്കല്ല് പാകാനുണ്ടായ സാഹചര്യവും, പദ്ധതി സമഗ്രമായി തയ്യാറാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പദ്ധതികൾ രൂപീകരിക്കുന്ന സമയം കൃത്യമായി വിഭവസ്രോതസ്സുകൾ നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതും പ്രോജക്ടുകളിൽ സാമ്പത്തിക മിതവ്യയം ഉറപ്പാക്കേണ്ടതുമാണ്. പദ്ധതികൾ സമഗ്രമായി തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയും ഗുണങ്ങളും ഉൾക്കൊണ്ട് ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള പ്രവർത്തനങ്ങൾ കൈക്കൊള്ളേണ്ടതാണ്. മേൽ അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്.

### 1-23 ഭരണാനുമതിയ്ക്കും കൂടിയ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തി

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതിയാണ് മുഖാമുഖം സ്റ്റാന്റ് മെയിന്റനൻസ് (പ്രോ. നം. 311/21). 2019-20 വർഷത്തിൽ വിഭാവനം ചെയ്ത പ്രവൃത്തിയാണിത്. 4,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, 1,55,332/- രൂപ സംരക്ഷണഗ്രാന്റ് റോഡിതരം, 99,500/- രൂപ തനതുഫണ്ട് എന്നിവയടക്കം ആകെ 6,54,832/- രൂപ അടങ്കലിലാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനുള്ള ഭരണാനുമതി 30.12.2019- ലെ തീരുമാനം 18(1) പ്രകാരം കൗൺസിൽ നൽകി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി ലഭിച്ചതും 8,00,000/- രൂപയ്ക്കാണെന്ന് കാണുന്നു. ഈ എസ്റ്റിമേറ്റാണ് ടെണ്ടർ ചെയ്ത് 30.3.2020 – ന് കരാറിലേർപ്പെട്ട് ഏൽപ്പിച്ചത്. അളവു പുസ്തക പ്രകാരം 5.6.2020 – ന് കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചു. സ്പിൽ ഓവർ പദ്ധതിയായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയപ്പോഴും അടങ്കൽ തുക 6,54,832/- രൂപയാണ്.

ഇതിനു ശേഷം പദ്ധതിയുടെ അടങ്കൽ തുക ഭേദഗതി ചെയ്തതായി കാണുന്നു. 5,45,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, 1,55,332/- രൂപ സംരക്ഷണഗ്രാന്റ് റോഡിതരം, 99,668/- രൂപ തനതുഫണ്ട് എന്നിവയടക്കം അടങ്കൽ 8,00,000/- രൂപയായി ഉയർത്തി (വെറ്റിംഗ് തിയ്യതി 9.11.2020). ഭരണാനുമതിയ്ക്കും ഉയർന്ന തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കാനുണ്ടായ സാഹചര്യവും ഈ വിധം ചെയ്ത ശേഷം പദ്ധതി അടങ്കൽ ഭേദഗതി നടത്തി ബിൽ തുക നൽകിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-24 നഗരസഭയിലേക്കുള്ള വാങ്ങലുകൾ - സർക്കാർ നിർദ്ദേശമനുസരിച്ച് നടത്തുന്നില്ല.

2020-21 വർഷം നഗരസഭയിലേക്ക് വിവിധ പ്രോജക്ടുകൾ തയ്യാറാക്കി സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളടക്കമുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന്റെ ഓൺ ലൈൻ പോർട്ടലായ GeM ലൂടെ (ഗവ. ഇ മാർക്കറ്റ് പ്ലേസ്) സൗകര്യമുണ്ട്. ഐ. ടി. വകുപ്പിന്റെ 18.3.2019 തീയതിയിലെ സർക്കുലർ നം. ഐ. ടി. സെൽ-1/26/ 2019/വി.സാ.വ. പ്രകാരം സർക്കാർ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ 22.8.2019 ന് ജി.ഒ.(പി.)നം. 10/2019/എസ്.പി.ഡി. ഉത്തരവു പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ

ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖ. 7.52 കൂട്ടി ചേർത്തു. ആയതിനുള്ള റേറ്റ് കോൺട്രാക്ട് പോർട്ടൽ ആയി കേരള സംസ്ഥാന ഐ. ടി. മിഷനോടു കൂടി ചേർന്ന് കേരള ഇലക്ട്രോണിക്സ് ആന്റ് ഐ. ടി. വകുപ്പ് നടപ്പാക്കിയ CPRCS നെ അംഗീകരിച്ചു. CPRCS – ൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഐ. ടി. ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള സംസ്ഥാന ഐ. ടി. മിഷന്റെ പ്രതിനിധി ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി പ്രത്യേകം ടെണ്ടറുകൾ ചെയ്ത് വാങ്ങേണ്ടതാണ്. എന്നാൽ മേൽ രണ്ട് സംവിധാനങ്ങളും ഉപയോഗപ്പെടുത്താതെ ക്വട്ടേഷൻ നടപടികളിലൂടെയാണ് മുനിസിപ്പാലിറ്റിയി ലേക്കുള്ള സാധനങ്ങൾ വാങ്ങിയത്. പ്രധാന വാങ്ങലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | വാങ്ങിയ സാധനങ്ങൾ | ചെലവഴിച്ച തുക | ലഭ്യമാക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 383/21 | നാപ്കിൻ വെന്റിംഗ് മെഷീൻ | 2,47,794/- | കാഡ്കോ |
| 2 | 384/21 | സാനിറ്റേഷൻ വേസ്റ്റ് ഇൻസിനറേറ്റർ | 7,87,488/- | കാഡ്കോ |
| 3 | 281/21 | ഫ്രണ്ട് ഓഫീസിൽ സി.സി.ടി.വി. സ്ഥാപിക്കൽ | 89,150/- | ബ്രെയിൻ നറ്റ് സൊല്യൂഷൻസ് |
| 4 | 283/21 | കോൺഫറൻസ് ഹാളിലേക്ക് എ.സി. വാങ്ങൽ | 3,40,500/- | KISAN EXCEL Pvt. Ltd. കോഴിക്കോട്. |
| 5 | 280/21 | ബാക്ക് ഓഫീസിലേക്ക് UPS വാങ്ങൽ | 3,63,000/- | Zenster Power Solutions, കോഴിക്കോട്. |
| 6 | 10/21 | നഗരസഭാ ഓഫീസ് കുടിവെള്ള സൗകര്യം | 42,590/- | ഹെഡ്കോ മലബാർ ആർകേഡ്, പന്തീരാങ്കാവ് |
| 7 | 297/21 | റെക്കോർഡ് റൂം ഫയൽ സ്റ്റോറേജ് സിസ്റ്റം | 4,00,000/- | കാഡ്കോ |

മേൽ സാമഗ്രികളുടെ വാങ്ങലുകൾക്ക് മുമ്പായി ഇവ പ്രസ്തുത സംവിധാനത്തിൽ ലഭ്യമായിരുന്നോയെന്ന് പരിശോധിക്കപ്പെട്ടതായി കാണുന്നില്ല. ഭാവിയിലെ വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 പോർട്ടബിൾ ബയോബിൻ - മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രശീതികൾ ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 293/21 | |
| പദ്ധതി അടങ്കൽ | 17,67,866/- | |
| | കേന്ദ്ര ഫണ്ട് | 6,30,000/- |
| | സംസ്ഥാന ഫണ്ട് | 4,19,400/- |
| | തനതു ഫണ്ട് | 5,07,866/- |
| | ഗുണഭോക്തൃ വിഹിതം | 2,10,600 |
| ചെലവ് | 9,48,866/- | |
| | തനതു ഫണ്ട് | 2,59,768/- |
| | ഗുണഭോക്തൃ വിഹിതം | 1,17,175/- |
| | കേന്ദ്ര-സംസ്ഥാന ഫണ്ട് | 5,71,923/- |
| ഫയൽ നമ്പർ | എഫ്. എച്ച്. 1/16572/19 | |
| നിർവ്വഹണം | സെക്രട്ടറി | |

പോർട്ടബിൾ ബയോബിൻ സ്ഥാപിച്ച് വീടുകളിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് 18 ലക്ഷം രൂപയുടെ ഒരു പദ്ധതി 2019-20 വർഷം രൂപീകരിക്കുകയുണ്ടായി. 2020-21 വർഷം ടി പദ്ധതി സ്പിൽ ഓവറായി മേൽ പ്രോജക്ട് പ്രകാരം നടപ്പിലാക്കി. ഒരു ഗുണഭോക്താവിൽ നിന്നും 215/- രൂപ വീതം ഗുണഭോക്തൃവിഹിതം ഈടാക്കിയാണ് പദ്ധതി നടപ്പാക്കിയത്. 2019-20 വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ 32,134/- രൂപ പ്രസ്തുത സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. 2020-21 ൽ ചെലവഴിച്ച 9,48,866/- രൂപയും മുൻ വർഷം ചെലവഴിച്ച 32,134/- രൂപയും ഉൾപ്പെടെ 9,81,000/- രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. ഗവ.അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് 1,800/- രൂപ നിരക്കിൽ ബയോബിൻ വിതരണം ചെയ്തത്. സാധനങ്ങൾ വിതരണം ചെയ്തതിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ 536 എണ്ണം ബയോബിന്നുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം ബോധ്യപ്പെട്ടിട്ടുണ്ട്. ബാക്കി 9 എണ്ണത്തിന്റെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.7.2022 ന് നൽകിയ 22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 16,200/- രൂപയുടെ (9*1800)

ചെലവു തടസ്സത്തിൽ വെക്കുന്നു.

1-26 തുണി സഞ്ചി നിർമ്മാണ യൂണിറ്റ് - ലക്ഷ്യം നടക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/21 (തുണി സഞ്ചി നിർമ്മാണം (ജനറൽ) |
| പദ്ധതി അടങ്കൽ | 7,50,000/- (വി. ഫ. 4 ലക്ഷം, ത. ഫ. 3.5 ലക്ഷം) |
| ചെലവ് | 1,50,000/- (ബിൽ നമ്പർ - 51/30.03.2021) |
| ഫയൽ നമ്പർ | എഫ്. ജി. 2/15304/20 |
| നിർവ്വഹണം | സെക്രട്ടറി |

മുനിസിപ്പാലിറ്റിയുടെ വാർഡ് 2 - ൽ `ദിവ തുണി സഞ്ചി യൂണിറ്റ് `എന്ന പേരിൽ സംരംഭക ഗ്രൂപ്പ് 19.10.2020 - ൽ രൂപീകരിക്കുകയുണ്ടായി. കുടുംബശ്രീ അംഗങ്ങളായ 5 പേരുടെ ഒരു ഗ്രൂപ്പാണ് രൂപീകരിച്ചിരുന്നത്. തുണി സഞ്ചികൾ തയ്യ്ച്ച് ഫറോക്ക്, നല്ലൂർ എന്നിവിടങ്ങളിലെ ഷോപ്പുകൾ, സി.ഡി.എസ് ലെ ആശ്രയ കിറ്റുകൾ എന്നിവയിലേക്ക് ഓർഡറുകൾ ലഭ്യമാകും എന്നുള്ള വിശ്വാസത്തിലാണ് തൊഴിൽ ഗ്രൂപ്പ് ആരംഭിച്ചത്. ഇതിനായി സി.ഡി.എസ്. ഭരണസമിതിയുടെ 11.01.2021 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം 3 ലക്ഷം രൂപയുടെ തൊഴിൽ ധനസഹായം അനുവദിക്കുന്നതിന് ധാരണയായി. 1,50,000/- രൂപ ബാങ്ക് ലോണും 1,50,000/- രൂപ ബാക്ക് എൻഡ് സബ്സിഡിയായി മുനിസിപ്പാലിറ്റിയുടെ വികസന ഫണ്ടിൽ നിന്നും അനുവദിക്കുകയുണ്ടായി. ഫറോക്ക് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9% നിരക്കിൽ പലിശയോട്ടുകൂടിയാണ് വായ്പ അനുവദിച്ചത്. 21.07.2022 - ന് ഓഡിറ്റ് ടീം പ്രസ്തുത യൂണിറ്റ് സന്ദർശിച്ചതിൽ തുണി സഞ്ചി നിർമ്മാണം ഈ കേന്ദ്രത്തിൽ നടക്കുന്നില്ല എന്നു ബോധ്യമായി. മാത്രമല്ല 5 പേരടങ്ങുന്ന യൂണിറ്റിൽ 3 പേർ മാത്രമാണ് തൊഴിൽ ചെയ്യുന്നത് എന്ന് യൂണിറ്റിന്റെ പ്രസിഡണ്ടും സെക്രട്ടറിയും അറിയിച്ചു. പ്രസ്തുത കേന്ദ്രത്തിൽ ഒരു തയ്യൽ മെഷീൻ മാത്രമാണ് കാണാൻ സാധിച്ചിരുന്നത്. മറ്റ 2 എണ്ണം അംഗങ്ങളുടെ വീടുകളിലാണ് എന്നും അവിടെ വെച്ച് മറ്റ തയ്യൽ ജോലികൾ ചെയ്യുന്നുവെന്നും അവർ അറിയിക്കുകയുണ്ടായി.

പദ്ധതി നിർവ്വഹണത്തിന് ശേഷം തുടർച്ചയായ മോണിറ്ററിംഗിന്റെ അഭാവമാണ് മേൽ വസ്തുതകൾ വ്യക്തമാക്കുന്നത്. ഒരു പ്രത്യേക ഉദ്ദേശത്തിൽ ആരംഭിച്ച തൊഴിൽ ഗ്രൂപ്പ് അതിനു വേണ്ടി ലഭ്യമായ ഫണ്ട് ഉപയോഗിച്ച് മറ്റ പ്രവൃത്തികളാണ് ചെയ്യുന്നത്. അവർക്ക് ആവശ്യമായ മാർക്കറ്റിംഗ് ലഭിക്കുന്നില്ല എന്നതാണ് ഗ്രൂപ്പംഗങ്ങൾ ഉന്നയിച്ച പരാതി. വനിതാ ഘടക പദ്ധതി ഫണ്ട് ചെലവഴിക്കേണ്ടത് സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി ഉയർത്തേണ്ടതിനാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തി മേൽ പറഞ്ഞ ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങളും മാർക്കറ്റിംഗിനുള്ള സൗകര്യവും ഒരുക്കി തുണിസഞ്ചി നിർമ്മാണം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 എസ്.സി. വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രമില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 374/21 (എസ്.സി. ഉന്നത പഠിതാക്കൾക്ക് |

| | |
|---|---|
| | സ്കോളർഷിപ്പ്) |
| പദ്ധതി അടങ്കൽ | 10 ലക്ഷം (വികസന ഫണ്ട് എസ്.സി.പി.) |
| ചെലവ് | 9,25,000/- |
| ബിൽ നമ്പർ | 43/30.03.2021 |
| ഫയൽ നമ്പർ | എഫ്. ജി. 2/2970/21 |
| നിർവ്വഹണം | സെക്രട്ടറി |

ബിരുദം, ബിരുദാനന്തര ബിരുദം, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് എസ്. സി. വിഭാഗത്തിൽപ്പെട്ട 40 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് മേൽ പ്രോജക്റ്റ് തയ്യാറാക്കിയത്. 2020-21 വർഷത്തേക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിന് താഴെ പറയുന്ന വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന രേഖ 2019-20 വർഷം തങ്ങളുടെ സ്ഥാപനത്തിൽ പഠിക്കുന്നു എന്ന സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രമാണ്. തെറ്റായ രേഖകൾ സമർപ്പിച്ച് ധനസഹായം കൈപ്പറ്റിയവരുടെ പേരു വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | തനു ജി. കൃഷ്ണ | 25,000/- | ഗവ. എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് |
| 2 | ഗീതു സുബ്രഹ്മണ്യൻ | 25,000 | ഗവ. എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി |
| 3 | വിഷ്ണു ജി. കൃഷ്ണൻ | 25,000/- | ഗവ. പോളിടെക്നിക് കോളേജ്, മാനന്തവാടി |

2020-21 വർഷത്തെ പഠിതാക്കളായ ഗുണഭോക്താക്കളാണ് ധനസഹായം കൈപ്പറ്റുന്നത് എന്നു ഉറപ്പു വരുത്താതെ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22.7.2022 – ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 75,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-28 എസ്.സി. ഭവന പുനരുദ്ധാരണം - മാർഗ്ഗ രേഖ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 432/21 (എസ്.സി. വീട് റിപ്പയർ) |
| പദ്ധതി അടങ്കൽ | 10,00,000/-(വികസന ഫണ്ട്) |
| ചെലവ്<br>ഫയൽ നമ്പർ | 10,00,000/-<br>എഫ്. ജി. 2/50308/21 |
| ബിൽ നമ്പർ/തിയ്യതി | തുക |
| 6/23.03.2021 | 5,00,000/- |
| 9/30.03.2021 | 5,00,000/- |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ |

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തിയ്യതി 14.12.2018 നമ്പർ പദ്ധതി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.7 അനുസരിച്ച് വീട് പുനരുദ്ധാരണത്തിന് (മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ) എസ്.സി. വിഭാഗത്തിന് 1,00,000/- രൂപ വീതം ധനസഹായം അനുവദിക്കാവുന്നതാണ്. ആയതു പ്രകാരം 10 ഗുണഭോക്താക്കളെയാണ് മുനിസിപ്പാലിറ്റി തെരഞ്ഞെടുത്തത്. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും എൽ.എസ്.ജി.ഡി. എഞ്ചിനീയർ എസ്റ്റിമേറ്റ് പരിശോധിച്ച് വാല്വേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 50% തുക മുൻകൂർ നൽകാവുന്നതുമാണ്.

പദ്ധതി തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

10 ഗുണഭോക്താക്കൾക്ക് 50,000/- രൂപ തോതിൽ 5 ലക്ഷം രൂപ 23.03.2021 തിയ്യതിയിൽ 6-ാം നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റു വിവരം ഫയൽ, രജിസ്റ്റർ എന്നിവ പ്രകാരം ഓഡിറ്റിന് പരിശോധിക്കാനായിട്ടുണ്ട്. എന്നാൽ 30.03.2021 ന് 9-ാം നമ്പർ ബിൽ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 5 ലക്ഷം രൂപ 10 ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് /UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1. ഗുണഭോക്താക്കൾ റിപ്പയർ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും സജിത പി. എന്ന ഗുണഭോക്താവ് മാത്രമാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

2. മാർഗ്ഗരേഖ പ്രകാരം ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല, പുല്ല്, തകര ഷീറ്റ്, ആസ്ബസ്റ്റോസ് ഷീറ്റ് എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് മേഞ്ഞ വീടുകളായിരിക്കണം. അതുപോലെ പുതിയ

മേൽക്കൂരക്ക് ഓല, ടാർഷീറ്റ്, ടാർപോളിൻ, ആസ്ബസ്റ്റോസ് ഷീറ്റ് എന്നിവ അനുവദനീയമല്ല. നഗരസഭയിലെ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ച് വീടുകൾ റിപ്പയർ ചെയ്യേണ്ടതിന്റെ ആവശ്യകത നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തുന്നില്ല. ഓഡിറ്റ് വർഷം മേൽ പദ്ധതിയുടെ പ്രയോജനം ലഭിച്ച ശ്രീ. കുട്ടായി എന്ന ഗുണഭോക്താവ് റിപ്പയർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനു പകരം ട്രസ് വർക്കിനുള്ള സാധനങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സുകളാണ് മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചത്. ടിയാൻ ഏതു തരത്തിലുള്ള പുനരുദ്ധാരണ പ്രവൃത്തിയാണ് നടത്തിയതെന്നോ എതു തരത്തിലുള്ള മേൽക്കൂരയിലാണ് റിപ്പയർ പ്രവൃത്തി നടത്തിയതെന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. മുനിസിപ്പാലിറ്റിയിൽ നിന്നും വീട് റിപ്പയറിന് അവസാന ഗഡു അനുവദിക്കുന്നതിനു മുമ്പായി പ്രവൃത്തിയുടെ വാല്യുവേഷൻ എഞ്ചിനീയർ വിഭാഗത്തിൽ നിന്നും നടത്തിയിട്ടില്ല. പ്രിന്റു ചെയ്ത ഒരു സർട്ടിഫിക്കറ്റ് പലതിലും ഗുണഭോക്താക്കളുടെ വിവരങ്ങൾ ചേർക്കാതെ ഓവർസിയർമാർ ഒപ്പു വെക്കുന്നതായാണ് കാണുന്നത്. ഇതിൽ യാതൊരു പരിശോധനയും നടത്തുന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

4. പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖയനുസരിച്ചുള്ള നടപടികൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 18.7.2022 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23.7.2022 ന് മറുപടി ലഭ്യമാക്കുകയുണ്ടായി. ടി മറുപടിയിൽ ശ്രീ. കുട്ടായി എന്ന ഗുണഭോക്താവിന്റെ വീട് മേൽക്കൂര കോൺക്രീറ്റ് ആയിരുന്നത് കാലപ്പഴക്കത്താൽ ജീർണ്ണിച്ച് മറ്റു അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കാത്തതിനാലാണ് മെറ്റൽ ഷീറ്റ് ഉപയോഗിച്ച് ട്രസ്സ് വർക്ക് നടത്തിയതെന്നും സബ്സിഡി മാർഗ്ഗരേഖയിൽ അതു സംബന്ധിച്ച് പ്രത്യേക പരാമർശങ്ങൾ ഒന്നും ഇല്ലാത്തതിനാലാണ് ധനസഹായം നൽകിയതെന്നും അറിയിച്ചു. രണ്ടാം ഗഡു ധനസഹായം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് ഒപ്പു വെക്കാൻ സാധിച്ചിട്ടില്ലായിരുന്നെന്നും കോവിഡ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അസാധാരണമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തിയതിനാലാണ് പദ്ധതി നടത്തിപ്പുമായി കൂടുതൽ ശ്രദ്ധിക്കാൻ സാധിക്കാതെ വന്നത് എന്നാണ് മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയത്.

വീട് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റിപ്പയർ ചെയ്യാവുന്ന മേൽക്കൂരയുടെ തരം ഏതു തരത്തിലായിരിക്കണമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിച്ച സാഹചര്യത്തിൽ ശ്രീ. കുട്ടായി എന്ന ഗുണഭോക്താവിന് 1 ലക്ഷം രൂപ അനുവദിച്ചത് ശരിയായ നടപടിയല്ല. മാർഗ്ഗരേഖ പ്രകാരം പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രണ്ടാം ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/UTR സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ 5 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-29 റിംഗ് കമ്പോസ്റ്റ് - മുഴുവൻ വീടുകളിലും സ്ഥാപിച്ചില്ല

<table>
<tr><td>പ്രോജക്റ്റ് നമ്പർ</td><td colspan="2">273/21 (റിംഗ് കമ്പോസ്റ്റ്)</td></tr>
<tr><td rowspan="2">പദ്ധതി അടങ്കൽ</td><td colspan="2">3,32,500/-</td></tr>
<tr><td>കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്</td><td>1,05,402/-</td></tr>
</table>

| | | |
|---|---|---|
| | കേന്ദ്ര ഫണ്ട് | 1,16,375/- |
| | സംസ്ഥാന ഫണ്ട് | 77,473/- |
| | ഗുണഭോക്തൃ വിഹിതം | 33,250/- |
| ചെലവ് | 3,32,500 | |
| | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,05,402/- |
| | | ബിൽ നം. 30/22.5.2020 |
| | കേന്ദ്ര ഫണ്ട് | 1,16,375/- |
| | | വൗച്ചർ നം. 22001229/22.5.20 |
| | സംസ്ഥാന ഫണ്ട് | 77,473/- |
| | | വൗച്ചർ നം. 22001230/22.5.20 |
| | ഗുണഭോക്തൃ വിഹിതം | 33,250/- |
| | | വൗച്ചർ നം. 22001250/22.5.20 |
| ഫയൽ നമ്പർ | എഫ്. എച്ച്. 1/2656/20 | |
| നിർവ്വഹണം | സെക്രട്ടറി | |

മുനിസിപ്പാലിറ്റിയിലെ 133 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് മേൽ പ്രോജക്ട് പ്രകാരം 2380.95/- രൂപ നിരക്കിൽ സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 21.3.2021 ന് അത്രയും എണ്ണം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. 30.3.2021, 16.9.2021 തിയ്യതികളിലായി ആകെ 116 വീടുകളിൽ യൂണിറ്റുകൾ സ്ഥാപിച്ചതായി സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി 17 എണ്ണം യൂണിറ്റുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.72022 ന് നൽകിയ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് മുനിസിപ്പാലിറ്റിയുടെ സ്റ്റോക്ക് രജിസ്റ്ററിലോ മുനിസിപ്പാലിറ്റിയുടെ അധീനതയിലോ ഇല്ല. 42,500/- രൂപയുടെ ചെലവ് (17*2380.95+5% ജി.എസ്.ടി.) അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 എസ്. സി. പഠന മുറി - വൗച്ചറുകൾ ലഭ്യമാക്കിയില്ല

<table>
<tr><td>പ്രോജക്ട് നമ്പർ</td><td colspan="2">226/21 (എസ്. സി. പഠന മുറി)</td></tr>
<tr><td rowspan="3">പദ്ധതി അടങ്കൽ</td><td colspan="2">11,25,000/-</td></tr>
<tr><td>വികസന ഫണ്ട്</td><td>9,75,000/-</td></tr>
<tr><td>തനതു ഫണ്ട്</td><td>1,50,000/-</td></tr>
<tr><td rowspan="9">ചെലവ്</td><td colspan="2">11,25,000/-</td></tr>
<tr><td>ബിൽ നം.</td><td rowspan="8">2,00,000/-<br>1,35,000/-<br>3,50,000/-<br>2,90,000/-<br>60,000/-<br>90,000/-</td></tr>
<tr><td>21/21.4.2020</td></tr>
<tr><td>29/26.5.2020</td></tr>
<tr><td>64/18.11.2020</td></tr>
<tr><td>3/3.12.2020</td></tr>
<tr><td>വൗച്ചർ നം.</td></tr>
<tr><td>2200652/21.12.2020</td></tr>
<tr><td>22001227/31.3.2021</td></tr>
<tr><td>ഫയൽ നമ്പർ</td><td colspan="2">ഇ. ജി. 2/10570/20</td></tr>
<tr><td>നിർവ്വഹണം</td><td colspan="2">സെക്രട്ടറി</td></tr>
</table>

എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് മേൽ ബില്ലുകൾ/വൗച്ചറുകൾ പ്രകാരം ചെലവഴിച്ച തുകകളിൽ 9,90,000/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഓഡിറ്റിന് ലഭിച്ചത്. ബാക്കി 1,35,000/- രൂപയുടെ വൗച്ചറുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.7.2022 ന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 1,35,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-31 വയോജനങ്ങൾക്ക് കട്ടിൽ - മുഴവൻ കട്ടിലും വിതരണം ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 370/21 (വയോജനങ്ങൾക്ക് കട്ടിൽ) |

| | |
|---|---|
| പദ്ധതി അടങ്കൽ | 6,54,500/- (വികസന ഫണ്ട്- 6,51,000/-, തനതു ഫണ്ട്- 3,500/-) |
| ചെലവ് | 6,44,921/- |
| ബിൽ നം. | 2/27.2.21 തുക 2,14,974/-<br>4/21.3.21 തുക 4,29,947/- |
| നിർവ്വഹണം | ഹെൽത്ത് ഇൻസ്പെക്ടർ |
| ഫയൽ നമ്പർ | എഫ്. ജി. 2 /15307/20 |

മുനിസിപ്പാലിറ്റിയിലെ എസ്. സി. വിഭാഗത്തിൽപ്പെട്ട 70 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് 140 കട്ടിലുകൾ വാങ്ങാനാണ് പദ്ധതി രൂപീകരിച്ചത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ 122 പേരുടെ അപേക്ഷകളാണ് കമ്മിറ്റി പരിഗണിച്ചത്. 27.02.2021, 23.03.2021 എന്നീ തിയ്യതികളിൽ യഥാക്രമം 50 എണ്ണം, 100 എണ്ണം കട്ടിലുകൾ (ആകെ 150 എണ്ണം) 3,613 രൂപ തോതിൽ കാഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 100 പേർ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്കായി ലഭിച്ചത്. 150 കട്ടിലുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.

21.07.2022 – ന് കട്ടിലുകളുടെ ഭൗതിക പരിശോധന നടത്തിയതിൽ 11 കട്ടിലുകൾ മുനിസിപ്പാലിറ്റിയുടെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചതായി കണ്ടു. 122 ഗുണഭോക്താക്കൾക്കായി തയ്യാറാക്കിയ പദ്ധതിയിൽ 150 കട്ടിലുകൾ വാങ്ങിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദീകരിച്ചിട്ടില്ല. 2020-21 ലെ പദ്ധതി തുക ചെലവഴിച്ച് വാങ്ങിയ കട്ടിലുകളിൽ ബാക്കിയുള്ള 11 എണ്ണം 1 വർഷവും 4 മാസവും കഴിഞ്ഞിട്ടും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കാതെ അവശേഷിക്കുന്നുണ്ട്. 18.7.2022 – ന് നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23.7.2022 – ന് ഹെൽത്ത് ഇൻസ്പെക്ടർ നൽകിയ മറുപടിയിൽ എസ്. സി. പ്രോജക്ടുകളുടെ ചുമതല 2/2021 ലാണ് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയതെന്നും കട്ടിലിന്റെ വില പ്രതീക്ഷിച്ചതിലും കുറവായതിനാലാണ് 150 എണ്ണം വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണ കാലമായതിനാൽ മതിയായ രേഖകൾ എല്ലാവർക്കും അപേക്ഷയോടൊപ്പം സമർപ്പിക്കാൻ സാധിക്കാതിരുന്നതിനാൽ എല്ലാ രേഖകളും സമർപ്പിച്ച 122 പേരുടെ ലിസ്റ്റ് ആണ് നഗരസഭ അംഗീകരിച്ചത് എന്നാണ് മറുപടിയിൽ പറഞ്ഞത്. അവശേഷിക്കുന്ന 11 കട്ടിലുകൾ 25.7.2022 – നകം വിതരണം പൂർത്തിയാക്കുന്നതാണ് ഹെൽത്ത് ഇൻസ്പെക്ടർ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കട്ടിലുകളെല്ലാം പൂർണ്ണമായും വിതരണം ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 സേവനദാതാവിന് തുക നൽകാതെ മറ്റൊരാളുടെ അക്കൗണ്ടിലേക്ക് തുക കൈമാറി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പ്രോജക്ട് നം. : 193/21

പ്രോജക്ട് : സമഗ്ര ആരോഗ്യ പരിപാടി

ഫണ്ട് : തനതുഫണ്ട്

സാങ്ഷൻ ഓർഡർ നം. തുക : 1) 307/08-02-2021 - 3,500/-

2) 487/29-03-2021 – 5,500/-

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര ആരോഗ്യ പരിപാടി എന്ന പ്രൊജക്റ്റിൽ വിവിധ കാര്യങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വാഹനവാടക ഇനത്തിൽ പലപ്പോഴും ട്രിപ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ KL10 D 1018 വാഹനത്തിന്റെ ഡ്രൈവറായ അഷ്‌റഫിന് തുക നൽകിയിട്ടുണ്ട്. സാങ്ഷൻ ഓർഡർ നം. 307/08-02-2021 പ്രകാരം മാറിയ 3,500/- രൂപയിൽ KL10 C 5121 വാഹനത്തിന്റെ ഡ്രൈവറായ ചിന്നൻ നൽകിയ ട്രിപ്പ്ഷീറ്റിന്റെ അടിസ്ഥാനത്തിൽ ചിന്നന് നൽകേണ്ട 700/- രൂപയും സാങ്ഷൻ ഓർഡർ നം. 487//29-03-2021 പ്രകാരം മാറിയ 5,500/- രൂപയിൽ മൈക്ക് സെറ്റ് വാടകക്കെടുത്തതിന് ജസീന ലൈറ്റ് & സൗണ്ട്സിന് നൽകേണ്ട 3,300/- രൂപയും KL10 D 1018 വാഹനത്തിന്റെ ഡ്രൈവറായ അഷ്‌റഫിന്റെ 450802010008760 (IFSC UBIN0545082) എന്ന അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്. തുക അനുവദിക്കേണ്ട ആളുടെ അക്കൗണ്ടിലേക്ക് തുക നൽകേണ്ടതിന് പകരം ഇതുമായി ബന്ധമില്ലാത്ത മറ്റൊരാൾക്ക് തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-33 ഔദ്യോഗികമായ ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ചെലവു ചെയ്യുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പ്രോജക്റ്റ് നം. : 193/21

പ്രോജക്റ്റ് : സമഗ്ര ആരോഗ്യ പരിപാടി

ഫണ്ട് : തനതുഫണ്ട്

സാങ്ഷൻ ഓർഡർ നം. തുക : 1) 307/08-02-2021 – 3,500/-

2) 405/19-03-2021 – 3,500/-

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര ആരോഗ്യ പരിപാടി എന്ന പ്രൊജക്റ്റിൽ വിവിധ കാര്യങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റിൽ ഉൾപ്പെടുത്തി തന്റെ നിത്യേനയുള്ള ജോലിയുടെ ഭാഗമായി തന്റെ ഹെഡ് കോർട്ടേഴ്സിനുള്ളിലെ ഫീൽഡിൽ സഞ്ചരിക്കേണ്ടി വരുന്ന ജീവനക്കാർക്ക് വാഹന വാടക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യാത്രാ തിയ്യതി | വണ്ടി നമ്പർ | സാങ്ഷൻ ഓർഡർ നം., തുക | ആവശ്യം | തുക |
|---|---|---|---|---|---|
| 1 | 05-09-2020, 23-09-2020 | KL10 D 1018 | 307/08-02-2021, 3,500/- | ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ | 1400 |
| 2 | 05-08-2020, 21-08-2020 | KL10 D 1018 | 307/08-02-2021, 3,500/- | ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ | 1400 |

| | | | | | |
|---|---|---|---|---|---|
| 3 | തിയതിയില്ല | KL10 C 5121 | 307/08-02-2021, 3,500/- | ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ | 700 |
| 4 | 29-1120, 02-12-2020, 04-12-2020 | KL10 D 1018 | 405//19-03-2021, 3,500/- | വികലാംഗ പെൻഷൻ എൻക്വയറി | 2100 |
| 5 | 22-12-2020, 26-12-2020 | KL10 D 1018 | 405//19-03-2021, 3,500/- | ഹോട്ടൽ, കൂൾബാർ പരിശോധന | 1400 |
| | ആകെ | | | | 7000 |

തന്റെ നിത്യേനയുള്ള ജോലിയുടെ ഭാഗമായി തന്റെ ഹെഡ് കോർട്ടേഴ്സിനുള്ളിലെ ഫീൽഡിൽ സഞ്ചരിക്കേണ്ടി വരുന്ന ജീവനക്കാർക്ക് ആയത് വഹിക്കുന്നതിനായി സർക്കാർ പെർമനെന്റ് കൺവെയൻസ് അലവൻസ് അനുവദിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരൻ, തന്റെ ദൈനംദിന ജോലിയുടെ ഭാഗമായി നടത്തിയ ഹെഡ്ക്വാർട്ടേഴ്സിനുള്ളിലെ യാത്രകൾക്ക് വാഹന വാടക നൽകാൻ പാടില്ലെന്നിരിക്കെ ഇതിനായി പ്രൊജക്റ്റിൽ നിന്നും തുക ചെലവഴിച്ചഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

നഗരസഭയിലെ ഹെൽത്ത് സെക്ഷനിൽ ഒരു ഹെൽത്ത് ഇൻസ്പെക്ടറും മൂന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഉണ്ടായിരിക്കേ ഡി&ഒ ട്രേഡ് ഇൻസ്പെക്ഷൻ, വികലാംഗ പെൻഷൻ എൻക്വയറി തുടങ്ങിയ നഗരസഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് താലൂക്ക് ആരോഗ്യകേന്ദ്രത്തെ ആശ്രയിക്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-34 വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ഗവ.ഗണപത് സ്കൂൾ, ഫറോക്ക്

പ്രജക്റ്റ് നം. : 31/21

പ്രോജക്റ്റ് : എസ്.എസ്.കെ ഫണ്ട് വിഹിതം നൽകൽ

ബിൽ നം. : 1/27-08-2020

തുക : 20,00,000/-

പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.കെ - ക്ക് 20,00,000/- രൂപ കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം. 17/2018/ത.സ്വ.ഭ.വ. തി. 02.02.2018 പ്രകാരമുള്ള പദ്ധതി

മാർഗ്ഗരേഖയിൽ നഗരസഭകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ നഗരസഭ പങ്ക് വഹിച്ചിട്ടില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ പ്രൊജക്ടുകളുടെ രൂപരേഖയോ വിശദമായ വിനിയോഗ സാക്ഷ്യപത്രമോ ഇല്ലാതെ കൃത്യമായ മോണിട്ടറിംഗ് സാധ്യമാവുകയില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. നഗരസഭാ പരിധിയിലെ സ്കൂളുകൾക്കായി ചെലവഴിച്ച തുകയുടെ 40% തുക മാത്രമേ നഗരസഭ നൽകേണ്ടതുള്ളൂ. നഗരസഭാ പരിധിയിലെ സ്കൂളുകൾക്കായി 50,00,000/- രൂപ മൊത്തം ചെലവഴിച്ചാൽ മാത്രമേ 20,00,000/- രൂപ നഗരസഭാ വിഹിതമായി നൽകേണ്ടതുള്ളൂ. മേൽ അപാകതകൾ കാരണം ചെലവു തുക 20,00,000/- രൂപ തടസ്സത്തിൽ വെക്കുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുക അധികമായി നൽകിയിട്ടുണ്ടെങ്കിൽ ആയത് തുടർവർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

1-35 മഞ്ചാടി പദ്ധതി - വിദ്യാർത്ഥികളുടെ വിശദാംശം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ഗവ.ഗണപത് സ്കൂൾ, ഫറോക്ക്

പ്രോജക്ട് നം. : 33/21

പ്രോജക്ട് : മഞ്ചാടി പദ്ധതി

സാങ്ഷൻ ഓർഡർ നം. : 231/25-11-2020

തുക : 11,070/-

പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം നല്ലൂർ യങ്മെൻസ് ലൈബ്രറിയിൽ വെച്ച് 06-02-2020 മുതൽ 28-02-2020 വരെ മഞ്ചാടി ഗണിതശാസ്ത്ര ക്ലാസ് നടന്നിരുന്നു. ഇതിൽ 51 വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്. ഈ വിദ്യാർത്ഥികളെ നഗരസഭയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുത്തതാണ്. ഈ വിദ്യാർത്ഥികളുടെ പേര് മാത്രം രേഖപ്പെടുത്തിയ അറ്റൻഡൻസ് ഷീറ്റ് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. വിദ്യാർത്ഥികളുടെ ക്ലാസ്, വിദ്യാലയം, മേൽവിലാസം തുടങ്ങിയ വിശദാംശങ്ങളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മഞ്ചാടി ഗണിതശാസ്ത്ര ക്ലാസിൽ പങ്കെടുത്ത 51 വിദ്യാർത്ഥികളുടെ മേൽ പറഞ്ഞ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 35/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-36 നഗരസഭയ്ക്ക് പുറത്തുള്ളവർക്ക് വ്യക്തിഗത ആനുകൂല്യം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രിൻസിപ്പാൾ, ഗവ.ഗണപത് സ്കൂൾ, ഫറോക്ക്

പ്രോജക്ട് നം. : 350/21

പ്രോജക്ട് : തുടർ വിദ്യാഭ്യാസ പരിപാടി

സാങ്ഷൻ ഓർഡർ നം. : 290/28-01-2021

തുക : 24,000/-

പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ട് പ്രകാരം 48 പേർക്ക് പത്താം ക്ലാസ് തുല്യതാ പരീക്ഷയ്ക്കുള്ള ഫീസ് ഫറൂഖ് ഹയർ സെക്കൻഡറി സ്കൂളിൽ അടവാക്കിയതിന്റെ രശീതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് 500/- രൂപ വീതം

നൽകിയിട്ടുണ്ട്. തുക ലഭിക്കുന്നതിനായി സമർപ്പിച്ച ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ പ്രകാരം, ഇങ്ങനെ തുക നൽകിയതിൽ 16 ഗുണഭോക്താക്കൾ ഫറോക്ക് നഗരസഭയിൽപ്പെട്ടവരല്ലെന്നു കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള അഡ്രസ്സ് |
|---|---|---|
| 1 | കമർ സുൽത്താന ടി. കെ | സരിയത്ത് മൻസിൽ, മീഞ്ചന്ത |
| 2 | സജ്നാസ് കെ. എം | കൊളത്തറ, ചെറുവണ്ണൂർ |
| 3 | ഷമീറ | പള്ളിക്കൽ, തേഞ്ഞിപ്പാലം |
| 4 | ഹബ്സാബി ചെറൂളി | വള്ളിക്കുന്ന്, കടലുണ്ടി നഗരം |
| 5 | ജിഗിൻ കെ. പി | വാഴയൂർ, മലപ്പുറം |
| 6 | വിനീഷ് | വേളം |
| 7 | ജുനൈദ് ഇ. കെ | വെളിമണ്ണ, താമരശ്ശേരി |
| 8 | ബേബി എടത്തൊടി | ബേപ്പൂർ |
| 9 | സൗദ ബീവി പി | രാമനാട്ടുകര |
| 10 | ഉഷാകുമാരി | വൈദ്യരങ്ങാടി, രാമനാട്ടുകര |
| 11 | നദീറ കെ. പി | വള്ളിക്കുന്ന്, കടലുണ്ടി നഗരം |
| 12 | മുംതാസ് | വൈദ്യരങ്ങാടി, രാമനാട്ടുകര |
| 13 | വിപിൻ പ്രശാന്ത് | വൈദ്യരങ്ങാടി, രാമനാട്ടുകര |
| 14 | ജുനൈദ് വി | രാമനാട്ടുകര |
| 15 | രാജീവ് പി | ബേപ്പൂർ |
| 16 | അപ്പുണ്ണി | വാഴയൂർ, മലപ്പുറം |

നഗരസഭയിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട നഗരസഭയുടെ തനത്ഫണ്ട് നഗരസഭയ്ക്ക് പുറത്തുള്ളവർക്ക് വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-37 ഗുണഭോക്തൃ ലിസ്റ്റിലെ ക്രമം മറികടന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്റ്റ് നം. : 365/21

പ്രോജക്റ്റ് : പോത്തുകുട്ടി വളർത്തൽ

ബിൽ നം./സാങ്ഷൻ ഓർഡർ നം. തുക : 8/30-03-2021 - 84,000/-

443/27-03-2021 - 84,000/-

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ടിൽമേൽ ബില്ലുകൾ പ്രകാരം 1,68,000/- രൂപ ചെലവഴിച്ച് 14 പോത്തുകുട്ടികളെ പോത്ത് ഒന്നിന് 12,000/- രൂപ നിരക്കിൽ 14 ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് വേണ്ടി ചെലവഴിച്ച 12,000/- രൂപയിൽ 6,000/- രൂപ സബ്സിഡിയും 6,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം മറികടന്നാണ് രണ്ടു വാർഡുകളിലെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഒന്നാമതുള്ള ഗുണഭോക്താവ് | പോത്തുകുട്ടിയെ ലഭിച്ച ഗുണഭോക്താവ് |
|---|---|---|---|
| 1 | 19 | മുഹമ്മദ് ഷാഫി | നഫീസ കെ. സി |
| 2 | 35 | ബഷീർ, അരിയോക്കത്തറ | നഫീസ, തറമ്മൽത്തൊടി |

നഗരസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം മറികടന്ന് പോത്തുകുട്ടിയെ വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 34/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-38 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും അനുവദിച്ചില്ല.

1) പ്രോജക്റ്റ് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്

പ്രോജക്റ്റ് നമ്പർ - എസ് 25/21

നിർവഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ - 25,00,000/- രൂപ –

22,00,000 - വികസന ഫണ്ട് - പൊതു വിഭാഗം

3,00,000 – തനത് ഫണ്ട്

ചെലവ് - 24,98,770/- രൂപ

21,98,818/- വികസന ഫണ്ട് - പൊതു വിഭാഗം

1) ബിൽ നമ്പർ 4/2020-21 തീയതി 15.1.2021 – 21,03,000

2) ബിൽ നമ്പർ 6/2020-21 തീയതി 30.3.2021 – 95,818

2,99,952/– തനത് ഫണ്ട് - ചെക്ക് നമ്പർ - 235382 തീയതി 31.3.2021

2) പ്രോജക്ട് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - എസ്. സി

പ്രോജക്ട് നമ്പർ - എസ് 201/21

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ്. സൂപ്പർവൈസർ

അടങ്കൽ - 3,00,000/- രൂപ – വികസന ഫണ്ട് - എസ്. സി. പി

ചെലവ് - 2,99,996/- രൂപ - വികസന ഫണ്ട് - എസ്. സി. പി

1) ബിൽ നമ്പർ 3/2020-21 തീയതി 21.12.2020 – 2,51,200

2) ബിൽ നമ്പർ 5/2020-21 തീയതി 26.3.2021 – 48,796

നഗരസഭയിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.1.6 ( ബി ) പ്രകാരം (സ.ഉ. നം. (എം. എസ്) 22/2018/ത.സ്വ.ഭവ തീയതി 14.02.2018) 28,500/- രൂപ വരെ പ്രതിവർഷം സ്കോളർഷിപ്പ് ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ ഓഡിറ്റ് വർഷം നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം പ്രസ്തുത പരമാവധി തുക വിദ്യാർത്ഥികൾക്ക് അനുവദിച്ച് നൽകിയിട്ടില്ല. സർക്കുലർ നമ്പർ ഡി. എ. 1/19/2019/ത.സ്വ.ഭവ തീയതി 25.1.2019 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കണമെന്നും ഇതിനായി മതിയായ തുക നീക്കി വെക്കേണ്ടതാണെന്നും ഇക്കാര്യം ICDS / CDPO എന്നിവർ ഉറപ്പു വരുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഐ. സി. ഡി. എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ നഗരസഭയിൽ നിന്നും അനുവദിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2018-19 | 25,507 വീതം | 99 |
| 2019-20 | 18,000 വീതം | 112 |
| 2020-21 | എസ്. സി. - 25,436 വീതം | 15 |
| | ജനറൽ - 25,166 വീതം | 112 |

സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിന് സ്കോളർഷിപ്പ് ഇനത്തിൽ അർഹമായ തുക വകയിരുത്തി അനുവദിക്കുന്നതിൽ ഉണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2020-21 തീയതി 18.7.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-39 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്റ്റ് - ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവു വിവരം ഉൾപ്പെടുത്തിയില്ല.**

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ നാളികേര കൃഷിക്ക് ജൈവവളം ലഭ്യമാക്കൽ എന്ന പ്രോജക്ടിന്റെ ചെലവു വിവരം തൻവർഷത്തെ ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പ്രോജക്റ്റ് പ്രകാരമുള്ള ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് - നാളികേര കൃഷിക്ക് ജൈവ വളം ലഭ്യമാക്കൽ

പ്രോജക്റ്റ് നമ്പർ - എസ് 0063/20

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 12,36,147/- രൂപ – വികസന ഫണ്ട് - പൊതു വിഭാഗം - 756918, ഗുണഭോക്തൃ വിഹിതം - 1,89,229, തനത് ഫണ്ട് - 2,90,000

ചെലവ് - 6,21,147/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

1) ബിൽ നമ്പർ 2/2020-21 തീയതി 15.9.2020 – 1,69,613

2) ബിൽ നമ്പർ 3/2020-21 തീയതി 30.9.2020 – 4,51,534

ഓഡിറ്റ് വർഷം ഈ പ്രോജക്റ്റ് സ്പിൽ ഓവർ ആയി നടപ്പാക്കുന്നതിന് കൗൺസിൽ, ഡി. പി. സി എന്നിവയുടെ അനുമതി ലഭ്യമായിട്ടുള്ളതാണ്. മേൽ പ്രോജക്റ്റ് പ്രകാരമുള്ള ചെലവിന്റെ വിവരം തൻവർഷത്തെ ഐ. കെ. എം. സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 5/2020-21 തീയതി 18.7.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-40 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു - പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറിയില്ല.**

ഫയൽ നമ്പർ - 1. എ3/9370/17

2. എ3/6649/13

30.05.2009 - ലെ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം (ഖണ്ഡിക. നം. 3-2, 3-3) തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും നേരിട്ട് പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികൾ തുടർ നടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കേണ്ടതും കുടിവെള്ള പദ്ധതികളുടെ തുടർ സംരക്ഷണം, നടത്തിപ്പ്, വാർഷിക അറ്റകുറ്റപണി എന്നിവ ഗുണഭോക്തൃ ഗ്രൂപ്പുകളുടെ ചുമതലയിൽ നടത്തേണ്ടതുമാണ്. (വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്ററുടെ വേതനം തുടങ്ങിയവ). എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ നിലവിലും കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ അടവാക്കുന്നത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ്.

നിലവിൽ നഗരസഭാ ഫണ്ടിൽ നിന്നും 23 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ നൽകുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഈ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്ജിനത്തിൽ 4,83,259 രൂപയും പമ്പ് ഓപ്പറേറ്റർമാരുടെ

വേതനം ഇനത്തിൽ 1,43,500 രൂപയും നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെ 30.5.2022 ലെ 5 -ാം നമ്പർ തീരുമാന പ്രകാരം നിലവിൽ പ്രവർത്തിച്ച വരുന്ന എല്ലാ കുടിവെള്ള പദ്ധതികളുടേയും വൈദ്യുതി ചാർജ്ജ്, പമ്പ് ഓപ്പറേറ്റർമാരുടെ വേതനം എന്നിവ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നത് 2022 മേയ് മാസം വരെ മാത്രമായി പരിമിതപ്പെടുത്തുവാനും തുടർന്ന് കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ ആയതിനു ശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ ഉണ്ടായിട്ടില്ല.

30.05.2009 - ലെ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശം, നഗരസഭാ കൗൺസിലിന്റെ 30.5.2022 ലെ 5 -ാം നമ്പർ തീരുമാനം എന്നിവ പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2020-21 തീയതി 18.7.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് എത്രയും വേഗം ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-41 എം. ബുക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ അളവ് പുസ്തകങ്ങളുടെ (എം. ബുക്ക്) സ്റ്റോക്ക് വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ആകെ എണ്ണം എം. ബുക്കുകൾ അത് വാങ്ങുന്ന തീയതിയിൽ സ്റ്റോക്കിൽ എടുത്ത് അതിൽ നിന്ന് തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്കും എഞ്ചിനീയറുടെ ഓഫീസിലേയ്ക്കും നൽകുന്നുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതി ഓഫീസിലും, എഞ്ചിനീയറുടെ ഓഫീസിലും നഗരസഭയിൽ നിന്ന് കൈപ്പറ്റുന്ന അളവു പുസ്തകങ്ങൾ സ്റ്റോക്കിൽ എടുത്ത് ഓരോന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് ഉപയോഗിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 189 പ്രകാരം അളവ് പുസ്തകങ്ങൾ വളരെ കൃത്യതയോടെ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട ഒരു രേഖയാണ്. ഇത് കൃത്യതയോടെയല്ലാതെ സ്റ്റോക്കിൽ നിന്നും ഇഷ്യൂ ചെയ്യുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (37/2020-21 തീയതി. 23.07.2022 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എം. ബുക്ക് രജിസ്റ്റർ ഓഡിറ്റ് പരാമർശിച്ച രീതിയിൽ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-42 ദുരന്ത നിവാരണ പദ്ധതി പ്രകാരം മണൽ നീക്കം ചെയ്തതിലെ അപാകതകൾ

സർക്കാർ ഉത്തരവ് നം. (സാധാ) 3880/19/RD തിയ്യതി 24.12.2019 പ്രകാരം ചാലിയാർ പുഴയിൽ മുൻ വർഷങ്ങളിൽ അടിഞ്ഞു കൂടിയ എക്കൽ പുഴകളിലെ ഒഴുക്കു തടസ്സപ്പെടുത്തുന്നതിനാൽ പ്രളയത്തിന് സാധ്യത വിലയിരുത്തി ആയത് നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം ബഹു. ജില്ലാ കലക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. 28.05.2020 – ലെ DM/7939/2019-F2 നമ്പർ ഉത്തരവ് പ്രകാരം നഗരസഭയെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ CWRDM നടത്തിയ പഠന റിപ്പോർട്ട് പ്രകാരം നഗരസഭാ പ്രദേശത്തെ പുഴകളിൽ അടിഞ്ഞു കൂടിയ 12,800 ഘന മീറ്റർ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാണ് നഗരസഭയെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

നഗരസഭയിലെ ബോട്ട് ജെട്ടി, ചന്തക്കടവ്, പുതിയ പാലം എന്നീ കടവുകളിൽ നിന്ന് 7.7.2020 മുതൽ 21.08.2020 വരെ നീക്കം ചെയ്ത മണൽ ലേലം ചെയ്ത വകയിൽ 66,40,930 രൂപ ലഭിച്ചിട്ടുണ്ട്. മണൽ നീക്കം ചെയ്ത വകയിൽ മണൽ തൊഴിലാളികളുടെ കൂലി ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 39,66,060 രൂപ ദുരന്ത നിവാരണ നിധിയിൽ നിന്ന് 27.3.2021 ന് തിരികെ ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മണൽ വാരൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ ലേലം വഴി ലഭിച്ച മുഴുവൻ തുകയും റിവർ മാനേജ് ഫണ്ടിൽ അടവാക്കി .

ബഹു. ജില്ലാ കലക്ടറുടെ 28.05.2020 – ലെ DM/7939/2019-F2 നമ്പർ ഉത്തരവ് പ്രകാരം നഗരസഭയിലെ ബോട്ട് ജെട്ടി, ചന്തക്കടവ്, പുതിയ പാലം എന്നീ കടവുകളിൽ നിന്ന് 7.7.2020 മുതൽ 21.08.2020 വരെ നീക്കം ചെയ്ത 1,988 ലോഡ് മണൽ വാരി ലേലം ചെയ്ത വകയിൽ 66,40,930 രൂപ ലഭിച്ചിട്ടുണ്ട്. മണൽ വിൽപ്പനയിലൂടെ ലഭിച്ച 66,40,930 രൂപ ചെക്ക് നമ്പർ 5130691/8.6.2021 പ്രകാരം ബഹു. ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വകുപ്പ് 17 പ്രകാരം കടവോ നദീതീരമോ ഉള്ള ഏതൊരു തദ്ദേശ സ്വയംഭരണ സ്ഥാപനവും മണൽ വിൽപ്പനയിലൂടെ സ്വരൂപിക്കുന്ന തുകയിൽ നിന്ന് മണൽ ശേഖരിക്കുന്നതിനുള്ള എല്ലാ ചെലവും കഴിച്ചുള്ള തുകയുടെ അൻപത് ശതമാനം തുകയാണ് ജില്ലാ കളക്ടർക്ക് കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നൽകേണ്ടത്. ഇവിടെ മണൽ വിൽപ്പനയിലൂടെ ലഭിച്ച മുഴുവൻ തുകയും ജില്ലാ കലക്ടറുടെ 25.02.2021 – ലെ DM/7939/ 2019-F2 നമ്പർ ഉത്തരവ് പ്രകാരം റിവർ മനേജ്മെന്റ് ഫണ്ടിലേക്ക് അടവാക്കിയത് ഈ നിയമത്തിന് വിരുദ്ധമായാണ്. കൂടാതെ പദ്ധതി നടത്തിപ്പിനായി നഗരസഭയ്ക്ക് ചെലവ് വന്ന തുകകളിൽ മണൽ തൊഴിലാളികളുടെ കൂലിയിനത്തിൽ ചെലവായ തുക മാത്രമാണ് നഗരസഭയ്ക്ക് തിരികെ ലഭിച്ചത്. പ്രൊജക്ട് കോസ്റ്റായി ചെക്ക് നമ്പർ 162185/26.2.2020 പ്രകാരം സി.ഡബ്ല്യൂ.ഡി.ആർ.ഡി.എം ന് നൽകിയ 53,100 രൂപ, മണൽ പാസ് അച്ചടിച്ച ചെലവ്, കടവുകൾ വൃത്തിയാക്കിയതിനുള്ള ചെലവ് എന്നിവ നഗരസഭ വഹിച്ചിട്ടുണ്ടെങ്കിലും ആയവയുടെ കണക്ക് കൃത്യമായി സൂക്ഷിച്ചിട്ടില്ല. പ്രളയം തടയുന്നതിന് പുഴയിൽ നിന്ന് മണൽ നീക്കം ചെയ്ത് വിൽപ്പന നടത്തിയതിലൂടെ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചല്ലാതെ പണമിടപാടുകൾ നടത്തിയത് അംഗീകരിക്കാനാവില്ല. നഗരസഭയുടെ മനുഷ്യ വിഭവവും അധ്വാനവും ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ നടത്തിപ്പിലൂടെ നഗരസഭയ്ക്ക് യാതൊരു സാമ്പത്തിക നേട്ടവും ഉണ്ടായിട്ടില്ല. ജില്ലാ കളക്ടറുടെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് നഗരസഭയ്ക്ക് അർഹതയുള്ള തുക തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2) മണൽ ലേലം ചെയ്ത് വിൽക്കുന്നതിനുപയോഗിച്ച പാസ് അച്ചടിച്ച് ഉപയോഗിച്ചതിലെ അപാകത

മണൽ വിൽപ്പനയ്ക്കായി എത്ര രശീതി പുസ്തകങ്ങൾ/പാസ്ബുക്കുകൾ അച്ചടിച്ചു എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടില്ല. അച്ചടിച്ച ബുക്കുകൾ മുഴുവൻ സ്റ്റോക്കിൽ എടുത്ത ശേഷമല്ല കടവുകളിലേക്ക് വിതരണം ചെയ്തിട്ടുള്ളത്. ആകെ എത്ര ബുക്കുകൾ അച്ചടിച്ചു എന്ന് വ്യക്തമല്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ചന്തക്കടവ്, പുതിയ പാലം കടവുകളിലേയ്ക്ക് 12 ബുക്കുകളും, ബോട്ട്ജെട്ടി കടവിലേയ്ക്ക് 9 ബുക്കുകളും വിതരണം ചെയ്തിട്ടുണ്ട്. രണ്ട് കടവുകളിലും ഉപയോഗിക്കുന്നതിനായി അച്ചടിച്ച മേൽ പറഞ്ഞ ക്രമ നമ്പർ 10 മുതൽ ക്രമ നമ്പർ 15 വരെയുള്ള പാസ്സ് ബുക്കുകൾ ഉപയോഗിക്കാതെ/ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമ പ്രകാരം മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പ് നൽകുന്ന പാസ്സ് ഉപയോഗിച്ചാണ് മണൽ വിൽപ്പന നടത്തേണ്ടത്. ഈ നിയമത്തിന് വിരുദ്ധമായാണ് നഗരസഭ സ്വന്തം നിലയ്ക്ക് മണൽ പാസ്സ് അച്ചടിച്ച് ഉപയോഗിച്ചത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (26/2020-21 തിയ്യതി 22.7.2022). അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും ദുരന്ത നിവാരണനിധിയിൽ നിന്ന് ലഭിക്കേണ്ട തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-43 വർഷങ്ങൾക്ക് മുൻപ് നൽകിയ അഡ്വാൻസ് തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.**

വാർഷിക കണക്ക് B-18 ഷെഡ്യൂൾ പ്രകാരം നഗരസഭയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള തുകകൾ അഡ്ജസ്റ്റ് ചെയ്യാതെ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ പല തുകകളും വർഷങ്ങൾക്ക് മുൻപ് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത് ഏത് ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | ചെലവിനം | അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 460100600 | Advance For Projects | 3578204 | 2016-17 വർഷം മുതൽ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്ന ഈ തുക നൽകിയത് ആർക്കാണെന്നും ഏത് പദ്ധതിയ്ക്കാണെന്നും വ്യക്തമല്ല |
| 2 | 460400201 | Advance To Contractors | 546733 | ടി |
| 3 | 460509909 | Advance To Others | 265741 | ടി |
| 4 | 460509901 | Other Advance | 68000 | ടി |
| 5 | 460500301 | Advanceto Projects | 72370 | ടി |
| 6 | 460100700 | Miscellaneous | 162250 | വികസന |

| | | | | |
|---|---|---|---|---|
| | | Advance | | സെമിനാർ, ഇലക്ഷൻ ചെലവുകൾ, യാത്രപ്പടി എന്നിവ യ്ക്കായി 2016-17 വർഷം മുതൽ നൽകി അഡ്ജസ്റ്റ് ചെയ്യാത്ത തുക |

മുൻകൂറുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും തുകകൾ തിരിച്ച് പിടിക്കാത്തതിന്/ അഡ്ജസ്റ്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ 31 പ്രകാരം കരാറുകാർക്കും വ്യക്തികൾക്കും മറ്റ് സ്ഥാപനങ്ങൾക്കും നൽകുന്ന മുൻകൂർ തുകകൾ പ്രവൃത്തി ഉദ്ദേശം പൂർത്തിയായ ഉടനെ തന്നെ ഒറിജിനൽ ബിൽ സമർപ്പിച്ച് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. ഇവിടെ വർഷങ്ങൾക്ക് മുൻപ് നൽകിയിട്ടുള്ള അഡ്വാൻസുകൾ ആർക്കാണ് നൽകിയിട്ടുള്ളത് എന്നത് പോലും വ്യക്തമല്ലാത്തത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതികൾ പൂർത്തീകരിച്ചതിന്റെയും തുക അഡ്ജസ്റ്റ് ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/20-21 22.07.2022) ലഭ്യമാക്കിയ മറുപടിയിൽ ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-44 വാടക ഈടാക്കുന്നതിലെ അപാകതകൾ

നഗരസഭയിലെ വാടക വരവ് സംബന്ധിച്ച രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ അധീനതയിൽ വിവിധ ഇടങ്ങളിലായി 90 – ൽ പരം ഷോപ്പിംഗ് കോംപ്ലക്സ് റൂമുകളുണ്ട് എന്ന് കാണുന്നു. ഇതിൽ നിന്നുള്ള വരവുകളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാടക ഈടാക്കിയില്ല

നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെ പറയുന്ന റൂമുകളുടെ 2020-21 കാലയളവിലെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നമ്പർ | ലൈസൻസിയുടെ പേര് | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| 1. | ബസ് സ്റ്റാന്റ് കെട്ടിടം 4/551- | ശ്രീ. യൂഷാഹ് | 16734 (5578x3മാസം) | കോവിഡ് ലോക്ക് ഡൗൺ പ്രകാരമുള്ള ഇളവിന് അപേക്ഷിച്ചവ ർക്കെല്ലാം സർക്കാർ ഉത്തരവ് പ്രകാരം |
| 2. | മാർക്കറ്റ് | ശ്രീ. പി. വി. | 3588 (1196x3മാസം) | |

| | | | | |
|---|---|---|---|---|
| | റേഡ് കെട്ടിടം 5/627 | ബാലചന്ദ്രൻ | | ഇളവ് അനുവദിച്ചിട്ടുണ്ട്. 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കുടിശ്ശിക വരുത്തി യിട്ടുള്ളത്. |
| 3. | ചന്ത വനിതാ വ്യവസായ കെട്ടിടം 7/494-(F-03) | ശ്രീമതി. സുഹദ | 3405 (1135x3മാസം) | |
| 4 | മേലായ് വളപ്പ് വനിതാ തൊഴിൽ സംരംഭം 16/585 C | വിസ്മയ അപ്പർസ്റ്റിച്ചിങ്ങ് യൂണിറ്റ് -3 | 12000(1200x10മാസം) | നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. വാടക കരാർ പ്രകാരമുള്ള കുടിശ്ശിക തുക ഈടാക്കി മുറി പുനർലേലം ചെയ്ത് നൽകിയില്ല. |
| 5 | മേലായ് വളപ്പ് വനിതാ തൊഴിൽ സംരംഭം 16/585 D | വിസ്മയ അപ്പർസ്റ്റിച്ചിങ്ങ് യൂണിറ്റ് – 4 | 14400(1200x12മാസം) | നിലവിൽ യൂണിറ്റ് പ്രവർത്തി ക്കുന്നില്ല. വാടക കരാർ 31.3.2021 വരെയുണ്ട്. കരാർ പ്രകാരമുള്ള കുടിശ്ശിക തുക ഈടാക്കി മുറി പുനർലേലം ചെയ്ത് നൽകിയില്ല. |
| 6 | മേലായ് വളപ്പ് വനിതാ തൊഴിൽ സംരംഭം 16/585 E | വിസ്മയ അപ്പർസ്റ്റിച്ചിങ്ങ് യൂണിറ്റ് – 5 | 14400 (1200x12മാസം) | കരാർ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കരാർ പ്രകാരമുള്ള വാടക കുടിശ്ശിക ഈടാക്കി മുറി പുനർലേലം ചെയ്ത് നൽകിയില്ല. |

2) വാടക ഈടാക്കുന്നത് വ്യവസ്ഥാപിതമായ രീതിയിലല്ല .

കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള കരാർ പ്രകാരം മൂന്നു വർഷത്തേയ്ക്കാണ് കരാർ വയ്ക്കുന്നത്. മൂന്നു വർഷം കഴിയുമ്പോൾ 20% വാടക വർദ്ധനവ് ആണ് വരുത്തുന്നത്. എന്നാൽ നല്ലൂർ മിനി ഇൻഡസ്ട്രിയൽ കെട്ടിടത്തിലെ 13 മുറികൾ വാടകയ്ക്ക് നൽകുന്നതിന് 5 വർഷത്തേയ്ക്ക് കരാർ വെയ്ക്കുകയും ഓരോ വർഷവും 5% വർദ്ധനവ് വരുത്തുകയുമാണ് ചെയ്യുന്നത്. വാടക കരാർ ചമയ്ക്കുന്നതിന് അടിസ്ഥാനപരമായി സൂക്ഷിക്കേണ്ട ബൈലോ സ്ഥാപനത്തിലില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് വർഷാവർഷം വാടക വർദ്ധനവ് വരുത്തുന്നതും കരാർ പുതുക്കി നൽകുന്നതും. കൃത്യമായ ബൈലോയുടെ അഭാവത്തിൽ മുൻസിപ്പൽ ജീവനക്കാർ ഏത് മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയാണ് വാടക വർദ്ധനവ് വരുത്തുന്നതും വീഴ്ചക്കെതിരെ നടപടികൾ സ്വീകരിക്കുന്നതെന്നും വ്യക്തമല്ല.

3) വാർഷികകണക്ക് പ്രകാരമുള്ള വാടക വരവ് പരിശോധിക്കുന്നതിന് വാടക ഡിമാന്റ് രജിസ്റ്റർ

സംക്ഷിപ്തം എഴുതിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 28/20-21 തിയ്യതി 22.7.2022) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-45 പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്

2019-20 സാമ്പത്തിക വർഷത്തിനു മുമ്പ് വിഭാവനം ചെയ്തതും പാർട്ട് ബിൽ നൽകിയതുമായ വിവിധ പ്രോജക്ടുകൾക്ക് നിർമ്മാണം വൈകിയതു മൂലവും മറ്റും 2020-21 വർഷത്തിൽ ബിൽതുക നൽകുന്ന സ്ഥിതി വിശേഷം നഗരസഭയിലുണ്ടായിട്ടുണ്ട്. ജി.എസ്.ടി. യ്ക്കായി പ്രത്യേകം പ്രൊവിഷൻ (12%) ഇല്ലാത്ത വിധമാണ് ഈ പദ്ധതികളുടെയെല്ലാം എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിലും പ്രോജക്ടുകളുടെ പാർട്ട് ബില്ലുകൾ നൽകിയപ്പോൾ ചെയ്ത പ്രവൃത്തി മൂല്യത്തിൽ നിന്നും 12% ജി.എസ്.ടി. കുറവു ചെയ്യുകയും ഇത്തരത്തിൽ ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായി നികുതികൾ (IT-1%, KCWWF-1%,CGST-1%, SGST-1%)കണക്കാക്കി,ആദ്യം കുറവ് ചെയ്ത 12% തുക കൂടി ഉൾപ്പെടുത്തി കരാറുകാരന് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയപ്പോൾ മേൽ വിവരിച്ച പ്രകാരം നികുതി കണക്കാക്കാതെ മുഴുവൻ പ്രവൃത്തി മൂല്യത്തിനും ആനുപാതികമായി നികുതി കണക്കാക്കുകയും ചെയ്തു. ബിൽ തുക കണക്കാക്കിയതിൽ രണ്ടു വിധം അടിസ്ഥാനപ്പെടുത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. പ്രോജക്ടുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിവരം | പ്രവൃത്തി മൂല്യം/ഈടാക്കേണ്ട നികുതികൾ | | ഈടാക്കിയ നികുതി (പാർട്ട്+ഫൈനൽ ബിൽ) | നികുതിയിൽ കുറവ് |
|---|---|---|---|---|
| ഓഫീസ് ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ – ഒന്നാം നില നിർമ്മാണവും, 299/21 | 4221695/- | | | 7296/- |
| | IT | 42217 | 40393(13378+27015) | |
| | KCWWF | 42217 | 40393(13378+27015) | |
| | CGST | 42217 | -ടി- | |
| | SGST | 42217 | -ടി- | |
| നഗരസഭാ ഓഫീസിന് ചുറ്റുമതിൽ – | 1161567/- | | | 3416/- |
| | IT | 11616 | 10762(6266+4496) | |

| | | | | |
|---|---|---|---|---|
| പാർക്കിംഗ് പ്ലാസ നിർമ്മിക്കൽ, പ്രോ. നം. 301/21 | KCWWF | 11616 | 10762(6266+4496) | |
| | CGST | 11616 | 10762(6266+4496) | |
| | SGST | 11616 | 10762(6266+4496) | |
| ഓഫീസ് നവീകരണം, പ്രോ. നം. 413/21 | 1272660/- | | | 1604/- |
| | IT | 12727 | 12326(2937+9389) | |
| | KCWWF | 12727 | 12326(2937+9389) | |
| | CGST | 12727 | 12326(2937+9389) | |
| | SGST | 12727 | 12326(2937+9389) | |
| തളിർ അങ്കണവാടി കെട്ടിടനിർമ്മാണം, പ്രോ. നം. 412/21 | 1305852/- | | | 2344/- |
| | IT | 13059 | 12473(4294+8179) | |
| | KCWWF | 13059 | | |
| | CGST | 13059 | | |
| | SGST | 13059 | | |
| പൂമ്പാറ്റ അങ്കണവാടി കെട്ടിടനിർമ്മാണം, പ്രോ. നം. 409/21 | 1080835/- | | | 1472/- |
| | IT | 10808 | 10440(2700+7740) | |
| | KCWWF | 10808 | 10440(2700+7740) | |
| | CGST | 10808 | 10440(2700+7740) | |
| | SGST | 10808 | 10440(2700+7740) | |
| ആകെ | | | | 16132/- |

മേൽ വിവരിച്ച രീതിയിൽ നികുതികൾ ഈടാക്കാനുണ്ടായ സാഹചര്യം/സർക്കാർ നിർദ്ദേശം ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. നികുതിയിനത്തിൽ കുറവു വന്ന തുക അതതു സർക്കാർ ഹെഡുകളിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നായനാർ സ്റ്റേഡിയം പുനരുദ്ധാരണം - പദ്ധതി പാതിവഴിയിൽ - തെറ്റായ ഇനങ്ങൾ ഉൾപ്പെട്ടതിനാൽ അധിക ചെലവ്

സ്റ്റേഡിയം ഗേറ്റിന്റെ റിപ്പയറിനും ക്രിക്കറ്റ് ട്രെയിനിംഗ് നടത്തുന്നതിന് ഒരു ഗ്രിൽ ഇട്ട കോർട്ട് നിർമ്മിക്കുന്നതിനുമാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. തനതുഫണ്ട് 5,00,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ടെണ്ടർ ചെയ്ത് അബ്ദുൾ മൻസൂർ എന്ന കരാറുകാരനെ 30.12.2019 – ലെ 86/19-20 കരാർ മുഖേന ഏൽപ്പിച്ചു. പ്രവൃത്തി സ്ഥലത്ത് കിഫ്ബിയുടെ വാട്ടർ സപ്ലൈ പദ്ധതിയുടെ സാമഗ്രികൾ കിടക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് സംബന്ധിച്ച് 26.2.2020 – ന് കരാറുകാരൻ നഗരസഭയെ അറിയിച്ചിട്ടുണ്ട്. അളവു പുസ്തക പ്രകാരം പ്രവൃത്തി ആരംഭിക്കുന്നത് 9.11.2020 – നാണ്. 17.3.2020 – ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിനനുസരിച്ച് പ്രവൃത്തികൾ നടന്നത് ആദ്യ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യാസത്തിലാണ്. ഗ്രിൽഡ് കോർട്ട് നിർമ്മിക്കുന്നതിനുള്ള മുഴുവൻ ഇനങ്ങളും ഒഴിവാക്കി, സ്റ്റേഡിയത്തിന്റെ ഇടതു ഭാഗത്ത് നാലുവശം സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് ഫൗണ്ടേഷനും ബേസ്മെന്റും നിർമ്മിച്ച് (20.2 മീറ്റർ നീളം, 29.3 മീറ്റർ വീതി) അതിനകത്ത് 15 മീറ്റർ നീളത്തിലും, വീതിയിലും വരുന്ന ഭാഗം കോൺക്രീറ്റ് (1:2:4) ചെയ്യുകയും, ബാക്കി ഭാഗം മണ്ണ് ഫിൽ ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഗേറ്റ് റിപ്പയർ ആദ്യ എസ്റ്റിമേറ്റ് പ്രകാരം നടന്നു. പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ശ്രദ്ധയിൽപ്പെട്ടാൽ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്യുകയാണ് ചെയ്യേണ്ടത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കിയാണ് ഇവിടെ പ്രവൃത്തി നടത്തിയത്.

ഓഡിറ്റിന്റെ ഭാഗമായി സ്റ്റേഡിയം നേരിൽ പരിശോധിക്കുകയുണ്ടായി. അളവു പുസ്തക പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഈ ഭാഗം ഉപയോഗപ്രദമല്ലാത്ത രീതിയിൽ കിടക്കുകയാണ്. കോൺക്രീറ്റ് ചെയ്ത ഭാഗത്തിന്റെ ഭൂരിഭാഗവും ചെളി മൂടി കിടക്കുകയാണ്. ക്രിക്കറ്റ് ട്രെയിനിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങളൊന്നും നിലവിലും സജ്ജീകരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിനു ശേഷം 2021-22 സാമ്പത്തിക വർഷത്തിലോ നിലവിലെ 2022-23 സാമ്പത്തിക വർഷത്തിലോ ഈ പ്രവർത്തനങ്ങൾക്കായി പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ 2020-21 – ൽ നടത്തിയ ചെലവുകൾ പാഴ്ച്ചെലവായിരിക്കുകയാണ്.

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ വിവിധ പ്രവൃത്തികൾക്കായി തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായതായി കാണുന്നു.

1. മണ്ണ് ഫില്ലിംഗ് : സ്റ്റേഡിയത്തിൽ മണ്ണിട്ടുയർത്തുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ കരാറുകാരന്റെ മണ്ണുപയോഗിച്ച് ട്രഞ്ചസ്, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡ് എന്നിവ ഫിൽ ചെയ്യുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണിതെന്ന് വ്യക്തമാകും. സ്റ്റേഡിയം പോലുള്ള ഓപ്പൺ ഏരിയയിൽ മണ്ണ് നിറക്കുന്നതിന് ഈയിനം ഉൾപ്പെടുത്തിയതെന്തിനെന്ന് വ്യക്തമല്ല. പ്രൈസിൽ തൊട്ടടുത്ത ഇനമായ 50.2.26.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈയിനത്തിൽ 28,260/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു.

| 50.2.25.1 പ്രകാരം നൽകിയ തുക | 50.2.26.1 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 192.5 X 407.92 = 78525.6 | 192.5 X 261.12 = 50265.6 |

| |
|---|
| അധികം നൽകിയത് 28,260/- |

2. ക്രിക്കറ്റ് കോർട്ടിനുള്ള ഭാഗം തിരിച്ച് സ്റ്റേഡിയത്തിൽ നിന്നും വേർതിരിക്കുന്നതിന് സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് അടിത്തറ നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.6.1.8 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ 40x20x15 കനത്തിലുള്ള ബ്ലോക്ക് ഉപയോഗിച്ച് രണ്ടു നില വരെയുള്ള സൂപ്പർ സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനുള്ള ഇനമാണെന്ന് വ്യക്തമാകുന്നു. ഫൗണ്ടേഷൻ നിർമ്മാണത്തിന് ലേബർ വർക്ക് താരതമ്യേന കുറവാണെന്നിരിക്കെ കൂടുതൽ നിരക്കുള്ള ഇനം ഉൾപ്പെടുത്തിയതു മൂലം അധിക ചെലവുണ്ടായി.

| 50.6.1.8 പ്രകാരം നൽകിയ തുക | 50.6.1.7 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 15.84 X 5733.71 = 90821.57 | 15.84 X 5199.57 = 82361.19 |
| അധികം നൽകിയത് 8,460/- | |

മേൽ വിവരിച്ച പ്രകാരം സ്റ്റേഡിയം ക്രിക്കറ്റ് ട്രെയിനിംഗിന് ഉപയോഗക്ഷമമാക്കും വിധം പൂർത്തീകരിക്കാത്തതിനും തെറ്റായ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തിയതു മൂലമുണ്ടായ 36,720/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതും സ്റ്റേഡിയം ഉപയോഗക്ഷമമാക്കി അറിയിക്കേണ്ടതുമാണ്.

## 3-2 നഗരസഭ ചുറ്റുമതിൽ - ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു മൂലം അധിക ചെലവ് - മറ്റപാകതകളും

നഗരസഭാ ഓഫീസ് കോമ്പൗണ്ടിന് ചുറ്റുമതിൽ, ഗേറ്റ്, പാർക്കിംഗ് പ്ലാസ എന്നിവ നിർമ്മിക്കുന്നതിനും, മുറ്റം ഇന്റർലോക്ക് ബ്രിക്ക് വിരിക്കുന്നതിനുമായി 2018-19 സാമ്പത്തിക വർഷത്തിൽ 14,50,000/- രൂപ അടങ്കലിൽ (12,02,920/- സി.എഫ്.സി., 2,47,080/- തനതുഫണ്ട്) രൂപീകരിച്ചതാണ് ഈ പ്രോജക്ട്. പദ്ധതിയ്ക്കായി ആകെ 11,61,567/- രൂപ ചെലവഴിച്ചു (ബിൽ നം. 17/5.4.2019 - 712003/-, ബിൽ നം. 183/7.11.20 - 449564/-). കരിങ്കല്ലുപയോഗിച്ച് പാർശ്വഭിത്തി നിർമ്മിക്കുന്ന വിധം ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി. 7.46% കുറവ് നിരക്ക് രേഖപ്പെടുത്തിയ അബ്ദുൾ നാസിർ കെ എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് 23.10.2018 – ന് കരാറിലേർപ്പെട്ടു. അളവു പുസ്തകം 72/14-15 പ്രകാരം 25.10.2018 – ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

പ്രവൃത്തി ആരംഭിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കി. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കരിങ്കല്ല് പാർശ്വഭിത്തി നിർമ്മിക്കാൻ രണ്ടു മീറ്ററിലധികം ബേസ് വിഡ്ത്ത് ആവശ്യമാണെന്നും, ഇപ്രകാരം ചെയ്താൽ പാർക്കിംഗ് പ്ലാസയ്ക്ക് സ്ഥലപരിമിതി ഉണ്ടാകുമെന്നതിനാൽ RCC റീട്ടൈനിംഗ് വാൾ ചെയ്യാമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. 6.12.2018 – ലെ 1(4) നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കാൻ കൗൺസിൽ അംഗീകാരം നൽകി. ഇതു പ്രകാരം മൂന്നു എക്സ്ട്രാ ഇനങ്ങൾ (PCC 1:4:8, 40mm Dia PVC Pipe, Solid Block Mesonry എന്നിവ) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി.

പദ്ധതി ഫയലും അളവു പുസ്തകങ്ങളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു,

- അളവു പുസ്തക പ്രകാരം എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തിയ PCC 1:4:8 പ്രവൃത്തികൾ എസ്റ്റിമേറ്റ് പുതുക്കുന്നതിനു മുമ്പേ 5.11.2018, 9.11.2018, 20.11.2018 എന്നീ തിയ്യതികളിൽ നടന്നിട്ടുണ്ട്.

- പാർശ്വഭിത്തി കോൺക്രീറ്റ് വാൾ ആയി മാറ്റിയപ്പോൾ വാളിന്റെ നിർമ്മാണത്തിനായി പ്രത്യേകം സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഇനം ഉൾപ്പെടുത്താതെ ആദ്യ എസ്റ്റിമേറ്റിൽ കരിങ്കല്ല് കെട്ടിനിടയിൽ നൽകുന്ന കോളത്തിന്റെ നിർമ്മാണത്തിനായി ഉൾപ്പെടുത്തിയ സെന്ററിംഗ് ഇനത്തിൽ ഉൾപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ഇതുമൂലം അധിക ചെലവ് നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. വിശദാംശം പട്ടികയിൽ കൊടുക്കുന്നു.

| ചെയ്ത അളവ് എം. ബുക്ക് 72/14-15 | ഐറ്റം 5.9.6 പ്രകാരം നൽകിയ തുക (22.13% കുറവ് നിരക്ക് @ 500) യഥാർത്ഥ നിരക്ക് – 642.12 | ഐറ്റം 5.9.2 പ്രകാരം നൽകാവുന്ന തുക (22.13% കുറവ് നിരക്ക് @ 404.24) യഥാർത്ഥ നിരക്ക് – 519.12 | അധികം നൽകിയത് |
|---|---|---|---|
| പേജ് 18 -23.65<br>പേജ് 40 -44.86<br>പേജ് 50 -46.36<br>പേജ് 53 -14.14<br>129.01 M2 | 129.01 X 500 = 64505 | 129.01 X 404.24 =52151 | 12354/- |

- നിർമ്മാണത്തിന്റെ ആദ്യ ഘട്ട പ്രവൃത്തികൾ 25.10.2018 – ന് ആരംഭിച്ച് 17.1.2019 വരെ നടന്നു. തുടർന്ന് ആദ്യ പാർട്ട് ബിൽ നൽകി. തുടർന്നുള്ള പ്രവൃത്തികൾ നടത്തുന്നത് 11 മാസത്തിനു ശേഷം 17.12.2019 – മുതൽ 24.3.2020 – വരെയാണ്. നിർമ്മാണത്തിലുണ്ടായ കാലതാമസത്തെ കുറിച്ച് നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരോ ആരാഞ്ഞതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ബിൽ തുക നൽകാൻ കഴിഞ്ഞില്ല. തുടർന്ന് സ്പിൽ ഓവർ പ്രവൃത്തിയാക്കി 2020-21 ൽ തുക നൽകി. 2018-19 വർഷത്തിൽ ആരംഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.
- മുറ്റം ഇന്റർലോക്ക് ചെയ്യാനായി ഐറ്റം 24 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് ഒബ്സേർവ്ഡ് ഡാറ്റയാണ്. ഇതു പ്രകാരം ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയ്ക്ക് വേണ്ടി വരുന്ന നിരക്ക് 1070.13/- രൂപയാണ്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ ഇന്റർലോക്ക് ബ്രിക്കിന്റെ വിലയായി ഉൾപ്പെടുത്തിയത് 500/- രൂപയാണെന്ന് കാണാം. മാർക്കറ്റ് വില കുറവായിരിക്കെ കൂടിയ നിരക്ക് ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതു മൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനത്തിൽ ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയതു മൂലമുണ്ടായ അധിക ചെലവ്

ഓഡിറ്റ് അംഗീകരിക്കുന്നില്ല. എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ ആദ്യ എസ്റ്റിമേറ്റിലെ ഇനത്തിലുൾപ്പെടുത്തി അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്. മറ്റപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

## 3-3 മണ്ണ് പ്രവൃത്തിയ്ക്ക് തെറ്റായ ഇനം - അധിക ചെലവുണ്ടായതും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : കൈതോലിപ്പാടം റോഡ് ബിൽ തുക നൽകൽ, 410/21

അടങ്കൽ : 6,39,140/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 6,39,140/- ബിൽ നം. 336/3.3.2021

2019-20 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതിയാണിത്. മഴവെള്ളം കുത്തിയൊലിച്ച് ഗതാഗത യോഗ്യമല്ലാതായ ഈ റോഡിന് ആവശ്യമായ സ്ഥലത്ത് ഡി. ആർ. മേസൻറി ഉപയോഗിച്ച് സൈഡ് വാൾ നിർമ്മിക്കുന്നതിനും മണ്ണ് ഫിൽ ചെയ്ത് ബലപ്പെടുത്തിയ ശേഷം കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള ഇനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. പദ്ധതിയുടെ ഫയലും എസ്റ്റിമേറ്റും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു.

- സൈഡ് വാൾ നിർമ്മിച്ച് റോഡിൽ മണ്ണിട്ട് ഉയർത്തുന്നതിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം പ്രൈസിലെ 50.2.25.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ കരാറുകാരന്റെ മണ്ണുപയോഗിച്ച് ട്രഞ്ചസ്, പ്ലിന്ത്, ഫൗണ്ടേഷനുകളുടെ സൈഡ് എന്നിവ ഫിൽ ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണിതെന്ന് വ്യക്തമാകും. ഇത്തരം സ്ഥലങ്ങളിൽ മണ്ണ് നിറക്കുന്നതിനായി ലേബർ ഘടകം കൂടുതലായി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അളവു പുസ്തകം 95/19-20 പ്രകാരം ഈ പ്രവൃത്തി നടത്തിയ അളവുകൾ പരിശോധിച്ചാൽ ഓപ്പൺ ഏരിയയിൽ (ശരാശരി 3 മീറ്റർ വീതിയിൽ റോഡിനായി) മണ്ണ് നിറക്കുന്ന പ്രവൃത്തിയാണ് നടന്നതെന്ന് വ്യക്തമാകുന്നു. ഈ വിധം 120.03 M3 അളവിൽ പ്രവൃത്തി നടന്നു. തുറന്ന സ്ഥലത്ത് (ഓപ്പൺ ഏരിയ) മണ്ണ് നിറക്കുന്നതിന് പ്രൈസിൽ തൊട്ടടുത്ത ഇനമായി 50.2.26.1 ഉണ്ട്. ഇതുപയോഗപ്പെടുത്താതെ 50.2.25.1 ഉൾപ്പെടുത്തിയതു മൂലം നഗരസഭ ഫണ്ടിന് അധിക ചെലവുണ്ടായി.

| 50.2.25.1 പ്രകാരം നൽകിയ തുക | 50.2.26.1 പ്രകാരം വരുമായിരുന്ന തുക |
|---|---|
| 120.03 X 375(407.92 ന്റെ 8.07% കുറഞ്ഞ നിരക്ക്) = 45011.25 | 120.03 X 240.05 (261.12 ന്റെ 8.07% കുറഞ്ഞ നിരക്ക്) = 28813.2 |
| അധികം നൽകിയത് 16198/- | |

- 2019-20 വർഷത്തിൽ രൂപീകരിച്ച പദ്ധതി ടെണ്ടർ നടപടികൾ നടത്തി 2019 ഡിസംബർ മാസം മുസ്തഫ എന്ന കരാറുകാരനുമായി കരാറിലേർപ്പെട്ടു. അളവു പുസ്തകം പ്രകാരം 31.3.2020 – ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബിൽ തുക തൻവർഷം നൽകിയിട്ടില്ല. എന്നാൽ തുടർവർഷം സ്പിൽ ഓവർ പ്രവൃത്തിയായി ബിൽ നൽകേണ്ടതിനു പകരം പുതിയ പദ്ധതിയായി വിഭാവനം ചെയ്ത് (വെറ്റിംഗ് തിയ്യതി 10.11.2020) തുക നൽകുകയാണുണ്ടായത്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം പുതിയ പദ്ധതിയായി ഉൾപ്പെടുത്തി തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും പ്രവൃത്തി പൂർത്തീകരണ ശേഷം വിഭവസ്രോതസ്സ് മാറ്റിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തെറ്റായയിനം ഉൾപ്പെടുത്തിയതു മൂലമുണ്ടായ

അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 റിംഗ് കമ്പോസ്റ്റ് - മുഴുവൻ വീടുകളിലും സ്ഥാപിച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 273/21 (റിംഗ് കമ്പോസ്റ്റ്) | |
| പദ്ധതി അടങ്കൽ | 3,32,500/- | |
| | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,05,402/- |
| | കേന്ദ്ര ഫണ്ട് | 1,16,375/- |
| | സംസ്ഥാന ഫണ്ട് | 77,473/- |
| | ഗുണഭോക്തൃ വിഹിതം | 33,250/- |
| ചെലവ് | 3,32,500 | |
| | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,05,402/- |
| | | ബിൽ നം. 30/22.5.2020 |
| | കേന്ദ്ര ഫണ്ട് | 1,16,375/- |
| | | വൗച്ചർ നം. 22001229/22.5.20 |
| | സംസ്ഥാന ഫണ്ട് | 77,473/- |
| | | വൗച്ചർ നം. 22001230/22.5.20 |

| | | |
|---|---|---|
| | ഗുണഭോക്തൃ വിഹിതം | 33,250/- |
| | | വൗച്ചർ നം. 22001250/22.5.20 |
| ഫയൽ നമ്പർ | എഫ്. എച്ച്. 1/2656/20 | |
| നിർവ്വഹണം | സെക്രട്ടറി | |

മുനിസിപ്പാലിറ്റിയിലെ 133 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് മേൽ പ്രോജക്ട് പ്രകാരം 2380.95/- രൂപ നിരക്കിൽ സോഷ്യോ ഇക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 21.3.2021 ന് അത്രയും എണ്ണം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. 30.3.2021, 16.9.2021 തിയ്യതികളിലായി ആകെ 116 വീട്ടുകളിൽ യൂണിറ്റുകൾ സ്ഥാപിച്ചതായി സ്ഥാപനം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി 17 എണ്ണം യൂണിറ്റുകളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 22.72022 ന് നൽകിയ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് മുനിസിപ്പാലിറ്റിയുടെ സ്റ്റോക്ക് രജിസ്റ്ററിലോ മുനിസിപ്പാലിറ്റിയുടെ അധീനതയിലോ ഇല്ല. 42,500/- രൂപയുടെ ചെലവ് (17*2380.95+5% ജി.എസ്.ടി.) അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 14.7.2022 മുതൽ 16.7.2022 വരെ | ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിക്കുന്നു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം എടുത്ത വായ്പയുടെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടെയും വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| PMAY ലോൺ | GO (Rt) 976/2019/LSGD Dt. 14.5.2019 | 2020-21 | | 10000000 | - | 10000000 |
| PMAY ലോൺ - KURDFC | GO (Rt) 2278/2018/LSGD Dt. 18.8.2018 | 2020-21 | 16000000 | 29426667 | 6746667 | 38680000 |

ലോൺ സംബന്ധിച്ച കണക്കുകൾ ലോൺ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക - 1-2-1-7 കാണുക. )

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,28,31,753 |
| തൻവർഷം നിക്ഷേപിച്ച തുക | 1090699 |
| ആകെ | 13922452 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 13922452 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫറോക്ക് സർവീസ് സഹകരണ ബാങ്ക്, 000430000047622 | 15.2.2017 | - | 13922452 | രശീതി നമ്പർ - 430000047622 തീയതി - 15.2.2017 |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2000-01 | 102 | കെട്ടിട വാടക കുടിശ്ശിക | 2006-08 (11)-ാമത് റിപ്പോർട്ട് ഖ. 63 നഷ്ടം ഈടാക്കുന്നത് സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കാൻ ശുപാർശ |
| 1999-2000 | 39 ഇ, 39 ജി | 2003-04 പൊതു പരാമർശം | 11(9) | ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് പണിയിൽ നഷ്ടം | 2011-14 (12)-ാമത് റിപ്പോർട്ട് തുക ഈടാക്കിയതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 19 | 2003-04 പൊതു പരാമർശം | 11.13.2.5 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുത്തിയില്ല | 2019-21 53-ാമത് റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| 1999-2000 | 51 | 2003-04 പൊതു പരാമർശം | 11.13.5.10 | മൈത്രി ഭവന പദ്ധതി | തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2000-01 | മറ്റ് പരാമർശം | 2003-04 | 11.14 | ആയുർവേദാ-ശുപത്രി വികസനം , | -ടി- |
| 2000-01 2001-02 | - | 2003-04 മറ്റ് പരാമർശം | 11.14 | 1)ആയുർവ്വേദാ ശുപത്രിവികസനം | 2019-21 ഉത്തര വാദിയിൽ നിന്നും ഈടാക്കണം |
| | | | | 2)2000-01 വർഷ ത്തെ റോഡ് ടാറിംഗ് | 2019-21 പരാമർശം ഒഴിവാക്കി |
| | | | | 3)ലക്ഷംവീട് ചെനക്കൽ റോഡ് പരിഷ്ക്കരണം | -ടി- |
| 2000-01 | 3-7 | 2005-06 | 2.70.1.10.4 | വെള്ളക്കരം | 2014-16 (51)-ാമത് റിപ്പോർട്ട് ഖണ്ഡിക 28 ഒഴിവാ ക്കാൻ ശുപാർശ |
| 2001-02 | 2-11 | 2005-06 | 2.70.1.10.7 | വെള്ളക്കരം | -ടി- |
| 2001-02 | 2-1 എ,ബി,സി | 2005-06 | 2.70.1.11.15 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | ഖണ്ഡിക 31 |
| 2001-02 | 2-3 | 2005-06 | 2.70.1.12.5 | ഗ്രാമസഭ | ഖണ്ഡിക 35 |
| 2000-01 | 2-3, 2-4 | 2005-06 | 2.70.1.13.6 | തനത് വരവ് കാലഹരണപ്പെട്ടു | ഖണ്ഡിക 40 |
| 2001-02 | - | 2005-06 | 2.70.1.14.24 | നികുതി പിരിവ് അലംഭാവം | തുടരുന്നു. |
| 2007-08 | 3-1 | 2011-12 | 4.18 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു | -ടി- |
| 2014-15 | 2-5 | 2016-17 | അനുബന്ധം4 | തൊഴിൽനികുതി അപാകതകൾ | -ടി- |
| 2017-18 | 3-5 | 2018-19 | ഖരമാലിന്യ സംസ്കരണം-2 | മാലിന്യസംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ നിർവഹണ ഏജൻസിയ്ക്ക് പ്ലാസ്റ്റിക് ഷ്രെഡിംങ്, ആന്റിംഗ്, ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറി | -ടി- |

| | | | | | |
|---|---|---|---|---|---|
| 2017-18 | 3-1 | 2018-19 | പ്രോക്യൂർമെന്റ് മാന്വൽ | വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | -ടി- |
| 2018-19 | അനുബന്ധം-2 | 2020-21 | അദ്ധ്യായം-2-4 | മരാമത്ത് പ്രവൃത്തി സ്പെഷ്യൽ ഓഡിറ്റ് | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 13,16, 23 | ശ്രീ. വി. സുധാകരൻ, സെക്രട്ടറി | LF.12553/ SPL.CELL/ SC.4/2000 Dt. 29.11.01 | 3447 | - | - | | - | - | 3447 | |
| 2 | 2000-01 | 9(1), 10 | ശ്രീ. പി. ദയാനന്ദൻ, | LF.16204/ SPL.CELL/ | 18938 | - | - | | - | - | 18938 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | ബി, സി, 11 | AE, LSGD | SC.5എ/04 Dt.19.8.06 | | | | | | | | |
| 3 | 2001-02 | 7,13 | ശ്രീ. ആർ. മധുസൂദനൻ നായർ, സെക്രട്ടറി | LF.17591/ SPL.CELL/ SC.5/04 Dt.4.7.06 | 67527 | - | - | | - | - | 67527 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | 303687103 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 257769503 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 107772 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2726200 |

### ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് | ചെലവ് | |
| 3-1 | | 36720 | ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 12354 | ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 16198 | ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 42500 | ശ്രീ.ജയകുമാർ പി, സെക്രട്ടറി |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 16200 | ശ്രീ. സനൽ കുമാർ ഡി. വി, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-27 | 75000 | ശ്രീ. സനൽ കുമാർ ഡി. വി, സെക്രട്ടറി ഫറോക്ക് മുനിസിപ്പാലിറ്റി |

| | | |
|---|---|---|
| 1-28 | 500000 | ശ്രീ. വത്സൻ കെ. പി, ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-30 | 135000 | ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി |
| 1-34 | 2000000 | ശ്രീമതി. ഷക്കീല എ. പി, പ്രിൻസിപ്പാൾ, ഗവ.ഗണപത് സ്കൂൾ, ഫറോക്ക് |

സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. ദിനേശ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | സർവ്വീസിൽ നിന്ന് വിരമിച്ചു | ഉത്രം (ഹൗസ്) ഈരേഴവടക്ക് ചെട്ടികുളങ്ങര പി. ഒ മാവേലിക്കര, ആലപ്പുഴ – 690106 |
| ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഫറോക്ക് മുനിസിപ്പാലിറ്റി | ഹരിനയനം കുരുവട്ടൂശ്ശേരി പി. ഒ, കോഴിക്കോട് – 673010 |
| ശ്രീ. പി. ആർ. ജയകുമാർ | സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി | പുത്തൻ പുരക്കൽ (ഹൗസ്) ഉദയംപേരൂർ എറണാകുളം- 682307 |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷക്കീല എ. പി, പ്രിൻസിപ്പാൾ | പ്രിൻസിപ്പാൾ, ഗവ.ഗണപത് സ്കൂൾ, ഫറോക്ക് ഫറോക്ക് മുനിസിപ്പാലിറ്റി | പട്ടകം (ഹൗസ് ) ഫറോക്ക് – 673631 |
| ശ്രീ. വത്സൻ കെ. പി, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക് മുനിസിപ്പാലിറ്റി | 12/365 ചെറിയകടവത്ത് മണിയൂർ, വടകര – 673523 |
| ശ്രീ. പി. ആർ. ജയകുമാർ, സെക്രട്ടറി | സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി | പുത്തൻ പുരക്കൽ (ഹൗസ്) ഉദയംപേരൂർ എറണാകുളം - 682307 |
| ശ്രീ. സനൽ കുമാർ ഡി. വി, സെക്രട്ടറി | സെക്രട്ടറി, ഫറോക്ക് മുനിസിപ്പാലിറ്റി | അനുഗ്രഹ, വലിയവിളപ്പുറം, ഒറ്റശേഖരമംഗലം, തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | |
|---|---|---|---|
| | | എണ്ണം | ഖണ്ഡിക നം. |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി/ പി.2/1485/13(1)11.11.13 | 6 | 13, 14, 16, 22, 23, 24 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(2)/11.11.13 | 12 | 30, 31, 36(1,2), 38, 39, 46, 47, 53, 54, 59, 62, 63 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(1)/11.11.13 | 12 | |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(3)/11.11.13 | 2 | 28, 51 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(4)/11.11.13 | 9 | 7, 8, 12, 13, 14, 15, 17, 18, 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(5)/11.11.13 | 4 | 2(3), 2(4), 2(10), 3(7) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(6)/11.11.13 | 4 | 2-1, 2-11, 2-13, 3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(7)/11.11.13 | 12 | 2-1, 2-2, 2-6, 2-7, 3-1, 3-2, 3-3, 3-6(എ & ബി), 3-8, 3-9, 3-11, 3-20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(8)/11.11.13 | 4 | 2-1, 3-1, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(9)/11.11.13 | 16 | 2-1, 2-2, 2-3, 2-4, 3-1,3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 13 | 2-2, 2-3, 2-4, 2-5(1), (2),( 3),( 4), 2-6, 3-2, 3-3, 3-9, 3-12, 3-15, 3-16, 3-17, 3-19(3) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 16 | 2-1, 2-9(1,2,4,6), 2-13, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-16, 3-18 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/842/13(6)/15.7.2013 | 45 | 2-1, 2-2, 2-3, 2-4, 2-5, |

| | | | | |
|---|---|---|---|---|
| | | | | 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-19, 2-20, 2-21, 2-22, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| | 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1782/11/20.01.2012 | 35 | 2-4, 2-5, 2-6, 2-7, 2-9, 2-10, 2-11, 3-1, 3-2(1)(2), 3-3, 3-4, 3-5, 3-6(ബി), 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28, 3-29, 3-30, 3-31, 3-36 |
| | 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1443/13/25.10.13 | 38 | 1-4, 2-1, 2-3, 2-4, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-20, 3-21, 3-22, 3-23, |

| | | | |
|---|---|---|---|
| | | | 3-24, 3-25, 3-26, 3-28, 3-29, 3-30, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/244/14/11.06.2014 | 18 | 2-5, 2-6, 2-7, 2-8, 2-9, 2-11, 2-12, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-14 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി2/394/14/16.07.2014 | 32 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-23, 3-24, 3-25, 4-1, 4-5, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/2024/15/29.9.2016 | 23 | 2-2, 2-4, 2-5(2), 2-7, 2-8, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2015-16 പഞ്ചായത്ത് | കെ.എസ്.എ.കെ.കെ.ഡി/ പി.14/799/17/30.1.2017 | 10 | 2-1, 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.14/124 /17/30.1.2017 (01-11.15-31.3.2016) | 30 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, |

| | | | |
|---|---|---|---|
| | | | 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.14/1691/17/31.03.2018 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി13/1339/19/16.06.20 | 14 | 1-5, 1-12, 2-1, 2-2, 2-3, 2-4(3), , 2-6,3-1, 3-3, 3-4, 3-6, 3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി13/117/21/27.1.21 | 32 | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26,1-27 1-28, 1-29, 1-30, 2-1, 3-1, 3-2, 3-3, 3-4,3-5, 3-6, അനുബന്ധം-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി പി9/332/22/18.3.22 | 47 | 1-1 മുതൽ 1-43 വരെ, 2-1,3-1, 3-2,3-3 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്